# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം ഡിസംബർ 2018 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



**ലോകത്തിന്റെ പാപം നീക്കിക്കളയുന്ന**
**ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായെ**
**ഞങ്ങൾക്കു പ്രദാനം ചെയ്യുവാനായി**
**പരിശുദ്ധിയുടെ വിളനിലമായി**
**മാറിയ പരിശുദ്ധ അമ്മേ,**
**അങ്ങയുടെ മാതൃക സ്വീകരിച്ച്,**
**വിശുദ്ധിയിൽ വളരുവാനും**
**സ്വജീവിതത്തിലൂടെ ദൈവപുത്രനെ**
**ലോകത്തിനു വെളിപ്പെടുത്തുവാനും**
**ഞങ്ങളെ സഹായിക്കണമേ.**


# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 37 ലക്കം ദനഹാ ഡിസംബർ 2018**


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)**


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ദനഹാക്കാലം 05
- മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്ന ജീവിതം 7
- ഹെനോക്ക് 09
- ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 10
- തമസോമാ ജ്യോതിർഗമയാ 14
- പരമോന്നത നീതിപീഠ വിധികൾ 16
- കാവലാൾ 18
- ഓരോ പ്രഭാതത്തിലും പുതിയ സ്നേഹം 20
- ഉപേക്ഷ ആനന്ദത്തിന്റെ താക്കോൽ 22
- മാറ്റിനിർത്തുന്നവനല്ല; മാറ്റുരയ്ക്കുന്നവൻ 24
- സെനക്കിൾ തരംഗം 28
- നീ നിക്ഷേപത്തിന്റെ കലവറയാണ് 29
- ദൈവസ്നേഹാഭിഷേകം 31
- അനുവദിക്കപ്പെട്ടതെല്ലാം സ്വീകാര്യമോ? 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# ചൂണ്ടുപലകകൾ



ഈശോയുടെ മാമ്മോദീസായും പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലും അനുസ്മരിക്കുന്ന ദനഹാതിരുനാളോടുകൂടി ദനഹാക്കാലത്തേക്ക് നാം പ്രവേശിക്കുകയാണ്. ഈശോയുടെ പരസ്യജീവിതത്തിന്റെ ധ്യാനവും ഈശോയ്ക്കു സാക്ഷ്യം വഹിച്ച വിശുദ്ധരുടെ തിരുനാൾ ആഘോഷവുമൊക്കെ ഈ കാലത്തിന്റെ പ്രത്യേകതകളാണ്. ദനഹാക്കാലത്തിന്റെ ആദ്യവെള്ളിയാഴ്ച പൗരസ്ത്യസുറിയാനിസഭ ഓർമ്മിക്കുന്നത് സ്നാപകയോഹന്നാനെയാണ്.

സുവിശേഷകൻ വിവരിക്കുന്നു: "ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേരു യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു - വെളിച്ചത്തിനു സാക്ഷ്യം നല്കാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കാൻ" (യോഹ 1,6-7). നാമെല്ലാവരും ദൈവത്താൽ അയയ്ക്കപ്പെട്ടവരാണ്; ആയിരിക്കുന്ന ജീവിതമണ്ഡലങ്ങളിൽ വെളിച്ചമായ ഈശോയ്ക്കു (യോഹ 8,12) സാക്ഷ്യം വഹിക്കാൻ അയയ്ക്കപ്പെട്ടവർ. അതിനു നമുക്കു മാതൃകയാകുന്ന മഹത്വ്യക്തിത്വമാണ് യോഹന്നാൻ സ്നാപകന്റേത്. സ്വന്തം അനുയായികളുടെ അംഗബലം വർദ്ധിപ്പിക്കാൻ ഏതു കുത്സിതമാർഗ്ഗങ്ങളും ഉപയോഗിക്കുന്ന ഇന്നത്തെ സമൂഹത്തിൽ, "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1,29) എന്നു പറഞ്ഞുകൊണ്ട് സ്വന്തം ശിഷ്യർക്ക് ഈശോയെ ചൂണ്ടിക്കാണിച്ചുകൊടുക്കുകയും അനേകം പേരെ സന്തോഷത്തോടെ ഈശോയിലേക്കു നയിക്കുകയും ചെയ്ത സ്നാപകയോഹന്നാനിൽ വിളങ്ങിയിരുന്ന പുണ്യങ്ങളായ എളിമയും (യോഹ 3,30), ദാരിദ്ര്യചൈതന്യവും (മത്താ 3,4) ആത്മബോധവും (യോഹ 1,23), ധൈര്യവും (മത്താ 3,7-12) ആർജ്ജിച്ചെടുക്കുവാൻ ഈ കാലഘട്ടം നമുക്കുപകരിക്കട്ടെ. അങ്ങനെ, ഈശോയിലേയ്ക്കുള്ള ചൂണ്ടുപലകകളായി നമ്മുടെ ജീവിതം രൂപാന്തരപ്പെടട്ടെ.

ദനഹാതിരുനാളാശംസകൾ!

**ചീഫ് എഡിറ്റർ**

# ദനഹാക്കാലത്തിന്റെ ഓർമ്മപ്പെടുത്തലുകൾ



**റവ. ഡോ. ഡൊമിനിക് മുരിയൻകാവുങ്കൽ**
**ചങ്ങനാശ്ശേരി അതിരൂപത**

ദൈവം ഈശോയിൽ ലോകത്തിനു സ്വയം വെളിപ്പെടുത്തിയതാണല്ലോ ദനഹാക്കാലത്തെ ധ്യാനവിഷയം. പൗരസ്ത്യസഭകളുടെ പാരമ്പര്യമനുസരിച്ച് നമ്മുടെ കർത്താവിന്റെ മാമ്മോദീസായിലാണ് ഈ വെളിപ്പെടുത്തൽ നടന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ദൈവം ലോകത്തിനു മുഴുവൻ വെളിപ്പെടുത്തപ്പെട്ടത് അന്നാണ്. എന്നാൽ ലത്തീൻ പാരമ്പര്യമാകട്ടെ, പൂജരാജാക്കന്മാരുടെ സന്ദർശനാവസരത്തിലാണ് ദൈവം തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയത് എന്നു ധ്യാനിക്കുന്നു.

ഈശോമിശിഹായുടെ പരസ്യജീവിതത്തിന്റെ ആരംഭമായിരുന്നല്ലോ മാമ്മോദീസായിൽ സംഭവിച്ചത്. കേവലം മൂന്നു വർഷത്തെ പരസ്യജീവിതത്തിനായി 30 വർഷങ്ങൾ രഹസ്യമായി ഒരുങ്ങിയ കർത്താവ് ഒരുക്കത്തിന്റെ ആവശ്യകതെയക്കുറിച്ച് ലോകത്തെ ഓർമ്മപ്പെടുത്തുന്നു. പൗരോഹിത്യത്തിന്, സന്ന്യാസത്തിന്, വിവാഹത്തിന് ഒക്കെയുള്ള ഒരുക്കത്തിന്റെ ദൈർഘ്യത്തെപ്പറ്റി പരാതിപ്പെടുന്നവരാണ് പലരും. ഇത്ര നീണ്ട വർഷങ്ങളുടെ ഒരുക്കം ആവശ്യമുണ്ടോ? ഒട്ടും സമയമില്ലാത്തിടത്ത്, അവധിയില്ലാത്തിടത്ത്, വിവാഹ ഒരുക്ക സെമിനാറിന് മൂന്നു ദിവസം ആവശ്യമുണ്ടോ? പ്രവേശകകൂദാശകൾക്ക് ഒരുക്കമായി ഫോം പൂരിപ്പിക്കേണ്ടതിന്റെ കാര്യമുണ്ടോ? കുമ്പസാരത്തിന് സമയമെടുത്തുള്ള ഒരുക്കം ആവശ്യമാണോ? എന്നിങ്ങനെ പോകുന്നു പലരുടെയും പരിഭവങ്ങൾ. ഇത്തരം ചിന്തകളുടെമേൽ ചോദ്യചിഹ്നമായി നില്ക്കുന്നു കർത്താവിന്റെ നിശബ്ദ ഒരുക്കം.

അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിക്കേണ്ട ആവശ്യമില്ലാതിരുന്നിട്ടും പാപികളായ നമ്മോട് ഐക്യപ്പെടാൻ, സ്നാപകയോഹന്നാന്റെ മുമ്പിൽ ശിരസ്സു നമിക്കുന്ന ഈശോയിലാണ് പിതാവ് പ്രസാദിക്കുന്നത്. നിയമങ്ങളുടെ ചൈതന്യം മനസ്സിലാക്കി അവ അനുഷ്ഠിക്കുന്നിടത്ത് ദൈവപ്രീതിയുണ്ടാകുമെന്ന് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവികനിയമങ്ങളും രാഷ്ട്രത്തിന്റെ നിയമങ്ങളും പാലിക്കുന്നതിൽ ബദ്ധശ്രദ്ധരാവണം ക്രൈസ്തവർ. ഒരു നല്ല ക്രിസ്ത്യാനി രാജ്യത്തിന്റെ ഉത്തമ പൗരനുമാവേണ്ടതാണ്.

മനുഷ്യന്റെ മുമ്പിൽ ദൈവം എളിമപ്പെടുന്നതാണല്ലോ തിരുപ്പിറവിയും ദനഹായുമെല്ലാം. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയായിരുന്നു ദൈവത്തിന്റെ ചെറുതാകൽ. മറ്റുള്ളവരെ നേടാനായി ചെറുതാകാൻ തയ്യാറാവണമെന്ന് ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു.

*ഈശോ തന്റെ മാമ്മോദീസായിൽ മുഴുവൻ മനുഷ്യവംശത്തിന്റെയും പാപപൂർണ്ണമായ ചരിത്രത്തിലേക്കിറങ്ങി. അങ്ങനെ ചെയ്തതുകൊണ്ട് അവിടുന്ന് ഒരു അടയാളം സ്ഥാപിച്ചു. നമ്മെ നമ്മുടെ പാപങ്ങളിൽനിന്നു വീണ്ടെടുക്കാൻ അവിടുന്ന് ഒരു ദിവസം മരണത്തിൽ മുങ്ങിത്താഴും. തന്റെ പിതാവിന്റെ ശക്തിയിലൂടെ ജീവനിലേക്ക് ഉണർന്ന് എഴുന്നേല്ക്കുകയും ചെയ്യും.*

*YOUCAT 87*

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/...................
ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.  ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192







# മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്ന ജീവിതം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**ക്രി**സ്തീയജീവിതം മിശിഹായിലുള്ള ജീവിതമാണെങ്കിൽ അതു മിശിഹായ്ക്കു സാക്ഷ്യം നല്കുന്ന ജീവിതവുമാണ്. പക്ഷേ ഇത് അത്ര എളുപ്പമുള്ള ഒരു ജീവിതമല്ല. കാരണം ഈലോകത്തിലാണ് നാം ജീവിക്കുന്നതും ജീവിക്കേണ്ടതും. ലോകത്തിൽനിന്നും മിശിഹാശിഷ്യർക്ക് വിദ്വേഷവും പീഡനവും ഉണ്ടാകുമെന്ന് അവിടുന്ന് മുന്നറിയിപ്പു നല്കിയിട്ടുമുണ്ട് (യോഹ 15,18–25). ലോകത്തിന്റെ വിദ്വേഷത്തിനു കാരണം മിശിഹാശിഷ്യർ മിശിഹായുടെ സ്നേഹിതരാണെന്നതുമാത്രമാണ് (യോഹ 15,18–19). മിശിഹായെ സ്നേഹിക്കാൻ കഴിയാതെപോയ ലോകത്തിന് മിശിഹാശിഷ്യരെയും സ്നേഹിക്കാൻ കഴിയുകയില്ല. ഇവിടെ 'ലോകം' എന്നു പറയുന്നത് വിശ്വസിക്കാത്ത ലോകത്തെ -മനുഷ്യരെ- ഉദ്ദേശിച്ചാണ്. വിശ്വസിക്കാത്ത മനുഷ്യരിൽനിന്നും വിശ്വസിക്കുന്നവർക്ക് വിദ്വേഷവും പീഡനവുമുണ്ടാകുക സ്വാഭാവികമാണ്. അത് ഈശോ മുൻകൂട്ടി അറിയിച്ചിട്ടുള്ളതുമാണ്. ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽ വിവരിക്കുന്ന ആദിമസഭാചരിത്രം ഇതിനു സാക്ഷിയുമാണ്.

## പരിശുദ്ധാത്മാവിനോടൊപ്പം സാക്ഷ്യം വഹിക്കുന്ന ജീവിതം

ലോകത്തിന്റെ ഭാഗത്തുനിന്ന് എതിർപ്പുകളും പീഡനങ്ങളും ഉണ്ടായാലും അവയെല്ലാം അതിജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം നല്കുവാൻ ക്രൈസ്തവനെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്: "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നും പുറപ്പെടുന്ന ആ സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും. ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും" (യോഹ 15,26-27). ക്രിസ്തീയവിശ്വാസം മനസ്സിലാക്കി ജീവിക്കാനും എതിർപ്പുകളെ അതിജീവിച്ച് വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാനും നമുക്ക് വെളിച്ചവും ശക്തിയും പ്രദാനം ചെയ്യുന്നത് പരിശുദ്ധാരൂപിയാണ്. പരിശുദ്ധാരൂപി സഭയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായുടെ അരൂപിതന്നെയാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ പന്തക്കുസ്താനുഭവം ശിഷ്യന്മാർക്കു ലഭിക്കുന്നത് മിശിഹായുടെ നിശ്വസനത്തിലൂടെയാണ് (യോഹ 20,22). അതുകൊണ്ട് സഭയിൽ ജീവിക്കുന്ന മിശിഹായുടെ അരൂപിതന്നെ, തനിക്കു സാക്ഷ്യം നല്കുവാൻ സഭാംഗങ്ങളെ ശക്തിപ്പെടുത്തും. സഭയുടെ കൂദാശാജീവിതം നയിച്ചുകൊണ്ട്, മിശിഹായുടെ അരൂപിയിൽ ശക്തി പ്രാപിച്ച് അവിടുത്തേക്കു സാക്ഷ്യം വഹിക്കുന്ന ജീവിതം നയിക്കുവാൻ സഭാംഗങ്ങൾക്കു കഴിയണം.

## മിശിഹാനുഭവത്തിലൂടെ സാക്ഷ്യം വഹിക്കുന്ന ജീവിതം

"ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും" എന്നാണ് ഈശോ ശിഷ്യന്മാരോടു പറയുന്നത്. "ആരംഭം മുതൽ" എന്ന പ്രയോഗം യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും ഉപയോഗിച്ചിരിക്കുന്നത് മിശിഹായോടുകൂടിയുള്ള ജീവിതത്തിന്റെ ആരംഭത്തെ കുറിക്കാനാണ്. ശ്ലീഹന്മാരുടെ മിശിഹാനുഭവത്തെ തന്റെ ഒന്നാം ലേഖനത്തിൽ യോഹന്നാൻ അവതരിപ്പിക്കുന്നത് "ആദിമുതൽ" എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് (1 യോഹ 1,1-4). മിശിഹായോടൊത്തുള്ള ശിഷ്യരുടെ ജീവിതാരംഭമായിരിക്കണം അതുകൊണ്ടു സൂചിപ്പിക്കുന്നത്. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം മിശിഹായോടുകൂടിയുള്ള ജീവിതത്തിന് ആരംഭം കുറിക്കുന്നത് മാമ്മോദീസായിലാണല്ലോ. അതുകൊണ്ട് ക്രൈസ്തവരെല്ലാവരും സഭാജീവിതത്തിൽ സജീവമായി പങ്കുചേർന്ന് മിശിഹാനുഭവത്തിൽ വളരാൻ ശ്രമിക്കണം. അപ്രകാരം മിശിഹാനുഭവത്തിൽ വളർന്നാൽ മാത്രമേ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ജീവിതം നയിക്കുവാൻ അവർക്കു സാധിക്കുകയുള്ളു.

## സാക്ഷ്യജീവിതം: സഹനജീവിതം

മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ക്രിസ്തീയജീവിതം അവശ്യം സഹനജീവിതമായിരിക്കും. "അവർ നിങ്ങളെ സിനഗോഗുകളിൽനിന്നും പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു" (യോഹ 16,2). യഹൂദരുടെ ഭാഗത്തുനിന്ന് തന്റെ ശിഷ്യർക്ക് അനുഭവപ്പെടാൻപോകുന്ന മതപീഡനത്തെപ്പറ്റിയാണ് ഈശോ സംസാരിക്കുന്നത്. ഈശോയ്ക്ക് യഹൂദരുടെ ഭാഗത്തുനിന്നുണ്ടായ അതേ അനുഭവം തന്നെ ശിഷ്യർക്കുമുണ്ടാകുമെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. സഹനത്തിന്റെ മുമ്പിൽ അധൈര്യരായി പിന്തിരിയുന്നെങ്കിൽ സഹനം ക്രിസ്തീയജീവിതത്തിന് ഒരു ഇടർച്ചയായി മാറും. അപ്രകാരം സംഭവിക്കാതിരിക്കാനുള്ള മുന്നറിയിപ്പാണിത്. മിശിഹാ എല്ലാവർക്കും മുമ്പേ ഈ സഹനപാതയിലൂടെ സഞ്ചരിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും അവിടുത്തെ മഹത്ത്വത്തിൽ എത്തിച്ചേരുകയും ചെയ്തു. അവിടുത്തെ ശിഷ്യത്വം സ്വീകരിച്ച് ജീവിക്കുന്ന ക്രൈസ്തവരും അവിടുത്തെ അനുകരിച്ച് സഹനജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ജീവിതം നയിച്ച് അവിടുത്തെ മഹത്ത്വത്തിൽ എത്തിച്ചേരുവാൻ തയ്യാറായിരിക്കണം.






# ഹെനോക്ക്

ഷിജി പറപ്പള്ളിയാത്ത്

**ആ**ദം മുതൽ നോഹവരെയുള്ള വംശാവലിയിൽ യാരെദിന്റെ മകനും മെത്തുശെലഹിന്റെ പിതാവുമാണ് ഹെനോക്ക്. ഏദേൻതോട്ടം മുതൽ അറാറാത്ത് പർവ്വതത്തിൽ ദൈവമക്കൾ എത്തിച്ചേരുമ്പോൾ ചരിത്രത്തിലെ തിളക്കമുള്ള വ്യക്തിയായി മാറുകയാണ് ഹെനോക്ക്. തിന്മകളുടെ പുകച്ചുരുളുകളാൽ ആവൃതമായ ലോകത്തിൽ "ദൈവത്തിന് പ്രിയങ്കരനായി ജീവിച്ചു" എന്ന് വിലമതിക്കപ്പെട്ടവൻ (ഉൽപ 5,24).

ഹെനോക്ക് ദൈവത്തിന്റെ ഉറ്റസ്നേഹിതനായിരുന്നു. ദൈവചിന്ത അവനിൽ നിറഞ്ഞുനിന്നിരുന്നു. മാത്രമല്ല, അവൻ മനുഷ്യസ്നേഹിയുമായിരുന്നു. മരിക്കാൻ കഴിയാത്ത മനുഷ്യനായി പിൻമുറകൾ അവനെ കണ്ടു. "ഹെനോക്ക് കർത്താവിനെ പ്രീതിപ്പെടുത്തി; അവൻ ഉന്നതത്തിലേക്ക് സംവഹിക്കപ്പെട്ടു; എല്ലാ തലമുറകൾക്കും അവൻ അനുതാപത്തിന്റെ മാതൃകയാണ്" (പ്രഭാ 44,16). നോഹവരെയുള്ള വംശാവലിയിൽ കുറച്ചുകാലം മാത്രം ജീവിച്ച ഹെനോക്ക് തലമുറകൾക്ക് അനുതാപത്തിന്റെ മാതൃകയായിത്തീർന്നു. അത് അവൻ ദൈവപ്രീതിയിൽ ജീവിച്ചതിനാലാണ്. ബാലനായ ഈശോയെക്കുറിച്ചും പറയപ്പെടുന്നത് ഇങ്ങനെയാണ്: "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2,52). ചുരുങ്ങിയ ജീവിതകാലം മാത്രമുണ്ടായിരുന്ന ഹെനോക്ക് ദൈവപ്രീതിയിൽ ജീവിച്ചുവെങ്കിൽ നമുക്ക് എന്തുകൊണ്ട് അങ്ങനെയൊരാൾ ആയിക്കൂടാ? ഈശ്വരചിന്തയിൽ ജീവിതം കൊടുക്കാതെ ആധുനികതയുടെ നിറച്ചാർത്തുകളിൽ കുടുങ്ങിക്കിടക്കുന്ന വ്യക്തികൾ എങ്ങനെ ഹെനോക്കിനെപ്പോലെ സംവഹിക്കപ്പെടും! ദൈവത്തോട് ചേർന്ന് നിന്നവനെ ദൈവം ചേർത്തെടുത്തു; സ്വന്തമാക്കി.

ഇന്നത്തെ കാലഘട്ടത്തിൽ ദൈവത്തെയും മനുഷ്യരെയും പ്രീതിപ്പെടുത്തുക പ്രയാസമേറിയ കാര്യംതന്നെ. മതപരവും സാമൂഹ്യപരവും രാഷ്ട്രീയപരവുമായ തലങ്ങളിൽ ഇടപെടുമ്പോൾ മനുഷ്യപ്രീതി അനീതിയുടെ ചുവടുകളിലേക്ക് പതിക്കുവാൻ സാധ്യതയേറെയാണ്. തിന്മകളുടെ മധ്യേനിന്ന് നിർഭയം തെറ്റിനെ ചൂണ്ടികാണിച്ചാൽ മനുഷ്യപ്രീതി തകിടംമറിയും. എന്നാൽ തെറ്റ് തഴച്ചുവളരുന്നിടത്ത് വളമിട്ട് കൊടുക്കാതെ, അത് തെറ്റാണ് എന്ന് പറയുവാനും ദൈവത്തിൽ നിർഭയം ആശ്രയിക്കാനും ജീവിക്കാനുമാണ് നാം തയ്യാറാകേണ്ടത്. അല്പകാലം മാത്രമുള്ള നമ്മുടെ ജീവിതംകൊണ്ട് നന്മകളുടെ ഋജുരേഖയാണ് നാം വരയ്ക്കേണ്ടത്. മരണം കാണാതെ സംവഹിക്കപ്പെട്ട ഹെനോക്ക് എടുക്കപ്പെടുന്നതിനു മുൻപ് ദൈവത്തെ പ്രസാദിപ്പിച്ചത് വിശ്വാസത്താലാണ് എന്ന് വി. ഗ്രന്ഥം പറയുന്നു (ഹെബ്രാ 11,5-6). അതുകൊണ്ട്, ദൈവത്താൽ നൽകപ്പെട്ട നമ്മുടെ ജീവിതംകൊണ്ട് വിശ്വാസത്തിന്റെ അടിത്തറയിൽ നന്മകളുടെ നിറവർണ്ണങ്ങളാൽ ദൈവപ്രീതി സമാർജ്ജിക്കാം.

**ഹെനോക്ക് തരുന്ന ചിന്ത:**

* **ദൈവത്തോടും മനുഷ്യരോടും പ്രീതിയിൽ വളരുക**
* **അനുതാപിയുടെ ജീവിതം നയിക്കുക; അനുതാപത്തിന് മാതൃകയാവുക**
* **വിശ്വാസത്തിൽ നിലനിൽക്കുക; വളരുക**

# യഥാർത്ഥ വിശുദ്ധി

ആനന്ദിച്ച് ആഹ്ലാദിക്കുവിൻ-4



റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

## ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും

ആധുനിക ലോകമെന്നത് വഴക്കും വാദഗതികളും തർക്കങ്ങളും ശത്രുതയും അഹങ്കാരവും അഹംഭാവവും മേനിചമയലും ആധിപത്യപ്രവണതയും നിറഞ്ഞതാണ്. ചില ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ ചേരിതിരിവ് നടക്കുന്ന ഈ ലോകത്തിൽ, മിഥ്യയുടെ ഭരണം നടക്കുന്ന സംസ്കാരത്തിൽ ശാന്തതയുടെ മാർഗ്ഗം സ്വീകരിക്കുവാൻ ഈശോ ആഹ്വാനം ചെയ്യുന്നുണ്ട്. വിയനാന്വിതനായി ജറുസലേമിലേക്ക് കഴുതയുടെ പുറത്ത് സഞ്ചരിക്കുന്ന (മത്താ 21,5) ഈശോയുടെ ഭാവം മാതൃകയാണ്. "ശാന്തശീലനും വിനീതഹൃദയനുമായ" (മത്താ 11,29) ഈശോയിൽ നിന്നാണ് പഠിക്കേണ്ടത്.

അപരന്റെ തെറ്റുകളെയും പരിമിതികളെയും ശാന്തതയോടെ പരിഗണിക്കണം. അപരനോട് ക്ഷമിക്കാതിരിക്കുമ്പോഴും മേൽക്കോയ്മയുടെ ഭാവം പുലർത്തുമ്പോഴും ഉപയോഗശൂന്യമായ പരാതിപ്പെടൽ നടത്തുമ്പോഴും ഒരുവൻ തന്നിലെ ഊർജ്ജത്തെ നഷ്ടപ്പെടുത്തുന്നു. സഹോദരങ്ങളുടെ കുറവുകൾ സൗമ്യതയോടെ തിരുത്തുമ്പോഴും ശത്രുക്കളോട് ശാന്തതയോടുകൂടെ പെരുമാറുമ്പോഴും (2 തിമോ 2,25) നാം വിശുദ്ധിയുടെ വഴികളിലാണ്. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നായ ശാന്തത (ഗലാ 5,23) ദൈവത്തിൽ ശരണം വയ്ക്കുന്നവരുടെ ഒരു ഭാവം തന്നെയാണ്.

ചില സന്ദർഭങ്ങളിലെ തന്റെ ശാന്തത മറ്റുള്ളവരുടെ മുൻപിൽ തന്നെ ഒരു ബലഹീനനോ, വിഡ്ഢിയോ ദുർബലനോ ആക്കിയേക്കാമെന്ന ചിന്ത അസ്ഥാനത്താണ്. ശാന്തതയിലായിരിക്കുന്നതാണ് അഭികാമ്യം. ശാന്തശീലർക്ക് തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറപ്പെട്ടതായിട്ട് കാണുവാൻ സാധിക്കും. ശാന്തതയോടും വിനയത്തോടും കൂടി ജീവിതത്തിൽ പ്രവർത്തിക്കുക - അതാണ് വിശുദ്ധി.

## വിലപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ആശ്വസിപ്പിക്കപ്പെടും

സുഖവും സന്തോഷവുംമാത്രം തേടുന്ന ഒരു ലോകത്തിൽ കുടുംബത്തിലോ ചുറ്റുമുള്ളവരിലോ കാണുന്ന നൊമ്പരങ്ങളും വേദനകളും പലരും അവഗണിക്കാറുണ്ട്. വിലപിക്കുവാൻ ഇഷ്ടപ്പെടാത്ത ലോകം വേദനയുളവാകുന്ന സാഹചര്യങ്ങളെ ഒഴിവാക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്യുന്നു. കുരിശില്ലാത്ത ഒരു ജീവിതത്തിനുവേണ്ടി ഏറെ ഊർജ്ജം ചെലവഴിക്കുന്നു. എന്നാൽ, യാഥാർത്ഥ്യങ്ങളെ അവ ആയിരിക്കുന്നവിധത്തിൽ കാണുകയും നൊമ്പരപ്പെടുന്നവരോട് സഹാനുഭൂതി കാണിക്കുകയും ചെയ്യുമ്പോൾ ഒരുവന് അപരന്റെ ജീവിതത്തെ സ്പർശിക്കുവാനും യഥാർത്ഥമായ സന്തോഷം കണ്ടെത്തുവാനും സാധിക്കും. വേദനിപ്പിക്കപ്പെടുന്ന വ്യക്തി സാന്ത്വനിപ്പിക്കപ്പെടുന്നത് ഈശോയാലാണ്. മറ്റുള്ളവരുടെ സഹനങ്ങളിൽ പങ്കുചേരുവാൻ അവർക്ക് തെല്ലും ഭയമില്ല. വേദനകളുടെ സാഹചര്യത്തിൽനിന്ന് അവർ ഒളിച്ചോടുന്നില്ല. കരയുന്നവനോടുകൂടി കരയുന്നതും (റോമാ 12,15) അവന്റെ മുറിവുകളെ സ്നേഹത്താൽ സ്പർശിക്കുന്നതുമാണ് വിശുദ്ധി.

## നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്ക് സംതൃപ്തി ലഭിക്കും

മനുഷ്യന്റെ തീക്ഷ്ണ അനുഭവമായ ശാരീരികവിശപ്പും ദാഹവുംപോലെ സമാന തീക്ഷ്ണതയോടെ നീതിക്കായും നന്മയ്ക്കായും ഒരുവൻ ദാഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യണം.

നീതിക്കായുള്ള പ്രവർത്തനങ്ങൾ എപ്പോഴും പൂർണ്ണഫലപ്രാപ്തിയിൽ എത്തുന്നില്ലെങ്കിലും അത് യാഥാർത്ഥ്യമാകുവാൻ സഹകരിക്കണം. സ്ഥാപിതതാല്പര്യങ്ങളാൽ കളങ്കിതമാണ് ലോകത്തിന്റെ നീതി. അനീതി സഹിക്കേണ്ടിവരുന്നവർ നിസ്സഹായരായി നിൽക്കുമ്പോൾ, അനീതി ചെയ്യുന്നവർ വിജയങ്ങൾ കൈപ്പിടിയിലൊതുക്കുമ്പോൾ, അനീതിക്ക് ഇരയാക്കപ്പെടുന്ന സമൂഹത്തിലെ ദുർബലർക്ക് നീതി ലഭിക്കാൻവേണ്ടി പ്രവർത്തിക്കണം-അതാണ് വിശുദ്ധി.

## കാരുണ്യമുള്ളവർ ഭാഗ്യവാന്മാർ; അവർക്ക് കരുണ ലഭിക്കും

മറ്റുള്ളവരെ സഹായിക്കുന്നതും ശുശ്രൂഷിക്കുന്നതും കാരുണ്യത്തിന്റെ ഒരു മാനമാണ്. മറ്റുള്ളവർക്ക് മാപ്പ് നല്കുന്നതും അവരെ മനസ്സിലാക്കുന്നതും കാരുണ്യത്തിന്റെ മറ്റൊരു മാനമാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യമാണ് നാം മറ്റുള്ളവർക്ക് നൽകേണ്ടത്. നമുക്ക് ചുറ്റുമുള്ളവരെ വിധിക്കാതെ, കുറ്റപ്പെടുത്താതെ, അവഗണിക്കാതെ, അവരോട് ക്ഷമിക്കാതെ ജീവിക്കുന്നത് അനുചിതമാണ്. അപരനോട് പ്രതികാരഭാവത്തോടെ ഇടപെടാതെ അനുകമ്പയോടും ആത്മാർത്ഥതയോടുംകൂടി കൂടി ഇടപെടണം - അതാണ് വിശുദ്ധി.

## ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും

ലളിതവും കളങ്കരഹിതവുമായ ഒരു ഹൃദയത്തെക്കുറിച്ചാണ് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നത്. ഹൃദയങ്ങളോടു സംസാരിക്കുന്ന ദൈവം (ഹോസി 2,16) നമ്മുടെ ബാഹ്യരൂപത്തിലല്ല, മറിച്ച് ഹൃദയഭാവങ്ങളിലാണ് ശ്രദ്ധിക്കുന്നത്. കാപട്യത്താൽ കളങ്കിതമായ ഹൃദയങ്ങൾക്ക് കർത്താവിന്റെ മുൻപിൽ സ്ഥാനമില്ല. ആത്മാർത്ഥതയില്ലാത്തതും കേവലം പ്രകടനപരവുമായ ഹൃദയങ്ങൾക്ക് ദൈവതിരുമുമ്പിൽ വിലയില്ല.

ഹൃദയത്തിന്റെ നിർമ്മലത തിരിച്ചറിയുന്നത് സ്നേഹത്തിന്റെ പ്രവൃത്തികളിലൂടെയാണ്. നമ്മുടെ ചുറ്റുമുള്ളവരോട് ഹൃദയത്തിൽ നിന്നും ഉയരുന്ന ഒരു പ്രതിബദ്ധത ഉണ്ടാകണം. എത്ര മഹനീയമായ കാര്യം ചെയ്താലും സ്നേഹമില്ലെങ്കിൽ അത് ഒന്നുമല്ല (1 കോറി 13,1-3). ഒരു മനുഷ്യനെ ദുഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയത്തിൽനിന്നാണ് വരുന്നത്. അവന്റെ ജീവിതത്തിന്റെ ശുദ്ധി വെളിവാക്കുന്ന പ്രവർത്തനങ്ങളും തീരുമാനങ്ങളും ഹൃദയത്തിൽനിന്നാണ് വരുന്നത്. തന്മൂലം ഹൃദയത്തെ കളങ്കപ്പെടുത്താതെ നിർമ്മലമായി സംരക്ഷിക്കണം. സ്നേഹത്തിന്റെ പ്രവൃത്തികളെ ഇല്ലായ്മ ചെയ്യുന്ന, കളങ്കപ്പെടുത്തുന്ന എല്ലാത്തരം ചിന്തകളിൽനിന്നും ഹൃദയത്തെ കാത്തുസൂക്ഷിക്കുന്നതാണ് വിശുദ്ധി.

## സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും

ഇന്നത്തെ ലോകമെന്നത് സംഘടനകളുടെയും തെറ്റുധാരണകളുടെയും അടിപിടികളുടേതുമാണ്. ആരെക്കുറിച്ചെങ്കിലും കേൾക്കുന്ന കാര്യങ്ങൾ ഏറ്റുപിടിച്ച് ആവർത്തിക്കുന്ന, അത് അല്പം പൊടിപ്പും തൊങ്ങലുംവച്ച് അവതരിപ്പിക്കുന്ന, പരദൂഷണത്തിന്റേതായ ഒരു ലോകം അസമാധാനം എല്ലായിടത്തും സൃഷ്ടിക്കും. വിനാശകാരികളും നിഷേധാത്മക മനോഭാവക്കാരുമായ ഇക്കൂട്ടർ സമാധാനത്തിന്റെ ശത്രുക്കളാണ്. ഈശോയുടെ അനുഗാമികൾ സമാധാനത്തിനും പരസ്പരോത്കർഷത്തിനും ഉതകുന്ന കാര്യങ്ങൾ പ്രവർത്തിക്കുന്നവരാകണം. നാം കടന്നുചെല്ലുന്ന എല്ലാ ഇടങ്ങളും സമാധാനത്തിന്റേതാകണം, സമാധാനം വിതയ്ക്കുന്നതാകണം - അതാണ് യഥാർത്ഥ വിശുദ്ധി.



## നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്

ദൈവത്തോടും സഹോദരങ്ങളോടുമുള്ള പ്രതിബദ്ധതയോടെ നീതിക്കുവേണ്ടി പോരാടുന്നവർ ജീവൻ സ്വന്തമാക്കുകയാണ് ചെയ്യുന്നത്. മന്ദോഷ്ണതയിലേക്കു നീങ്ങുന്ന ലോകത്തിൽ അനായാസജീവിതം അഭിലഷിക്കാതെ കുരിശുകൾ ഏറ്റെടുക്കുന്നവരാകുക. മതപീഡനത്തിന്റെ ഒരു ലോകത്തിൽ അപവാദങ്ങളും നുണകളും വ്യാജാരോപണങ്ങളും വിഷമിപ്പിക്കുന്ന അവസ്ഥയിൽ, പരിഹാസങ്ങളുടെയും കുത്തുവാക്കുകളുടെയും മധ്യത്തിൽ ഈശോയെപ്രതി പീഡനങ്ങൾ ഏറ്റെടുക്കുക-അതാണ് വിശുദ്ധി.

## ഉന്നതമായ മാനദണ്ഡം

മറ്റുള്ളവരോടു കരുണയുള്ള കണ്ണുകളോടെ പെരുമാറുക എന്നതാണ് ദൈവത്തിന്റെ കണ്ണുകൾക്ക് പ്രീതികരമായ വിശുദ്ധി. വിശക്കുന്നവന് ഭക്ഷിക്കുവാൻ കൊടുക്കുമ്പോഴും, ദാഹിക്കുന്നവന് കുടിക്കാൻ നല്കുമ്പോഴും, പരദേശിയായവരെ സ്വീകരിക്കുമ്പോഴും, നഗ്നനെ ഉടുപ്പിക്കുമ്പോഴും രോഗിയെ സന്ദർശിക്കുമ്പോഴും (മത്താ 25,31-46) നാം കരുണയുള്ള വ്യക്തികളാകുകയും ദൈവതിരുമ്പിൽ വിശുദ്ധിയുള്ളവരായിത്തീരുകയും ചെയ്യുന്നു.

വിശുദ്ധിയെന്നത് ആത്മീയ ഹർഷോന്മാദത്തിലോ ഒരു തരത്തിലുള്ള മിസ്റ്റിക് മയക്കത്തിൽ നിർവൃതികൊള്ളുന്നതോ അല്ല, മറിച്ച്, ദരിദ്രരിലും പീഡിതരിലും വിവിധങ്ങളായ സഹനങ്ങളനുഭവിക്കുന്നവരിലും ഈശോയുടെ മുഖം തിരിച്ചറിയുന്നതും അവരെ ശുശ്രൂഷിക്കുന്നതുമാണ്. വിശുദ്ധിയെന്നത് വെറുമൊരു ഉപവി പ്രവർത്തനത്തെയുമല്ല സൂചിപ്പിക്കുന്നത്, പ്രത്യുത, ഈശോയുടെ ഭാവം സ്വീകരിച്ചുകൊണ്ടുള്ള അവിടുത്തെ വികാരങ്ങൾ ഉൾക്കൊള്ളുന്ന ജീവിതമാണ്. അതാണ് നാം അനുകരിച്ചു ജീവിക്കേണ്ടത്.

ഈശോയുടെ ഈ ആഹ്വാനം എല്ലാ ക്രൈസ്തവരും സ്വീകരിക്കുകയും വ്യവസ്ഥകളോ ഒഴിവുകഴിവുകളോ കൂടാതെ അംഗീകരിക്കുകയും അത് നിവർത്തിക്കുകയും ചെയ്യണം. ഇതൊരു ഉത്തരവാദിത്വംകൂടിയാണ്. തണുപ്പുള്ള ഒരു രാത്രിയിൽ തുറസ്സായ സ്ഥലത്ത് അന്തിയുറങ്ങുന്നവനെ കാണുമ്പോൾ അവൻ ഒരു ഭാരമാണെന്നു കരുതാതെ എന്നെപ്പോലെ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഒരു അന്തസ്സുള്ള മനുഷ്യനാണെന്നു കണക്കാക്കി അവനെ സഹായിക്കുന്നതാണ് ക്രൈസ്തവികത, വിശുദ്ധി.

ക്രൈസ്തവരുടെ ജീവിതത്തിൽ ചില പ്രത്യയശാസ്ത്രങ്ങൾ അവരെ വഴിതെറ്റിക്കാറുണ്ട്. വിശുദ്ധരിൽ തിളങ്ങി നിന്നിരുന്ന പ്രഭാപൂർണ്ണമായ 'മിസ്റ്റിസിസ'ത്തിൽനിന്നും മാറി ഒരുതരം സന്നദ്ധസംഘടനയായിമാറുന്ന ക്രിസ്തുമതം കർത്താവുമായുള്ള വ്യക്തിബന്ധത്തിൽനിന്നുമകന്ന് ചില പ്രവർത്തനങ്ങൾമാത്രം നടത്തുന്ന ശൈലി ശരിയല്ല. അയൽക്കാരനോടുള്ള സ്നേഹപ്രവർത്തനങ്ങൾ നിർവഹിക്കുമ്പോഴും അത് നമ്മുടെ പ്രാർത്ഥന, വചനവായന, ഇവയിൽനിന്നും മാറിനില്ക്കുന്നതാകരുത്.

രണ്ടാമതായി, സാമൂഹികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ സംശയിക്കുന്നവരിലാണ് ആദർശപരമായ ഒരു അബദ്ധം കാണുന്നത്. ഇത്തരം സാമൂഹികപ്രവർത്തനം നടത്തുന്നവർ ഉപരിപ്ലവവും ജഡികവും ലൗകികവും കയ്യടി നേടാനുള്ളതുമായ കാര്യങ്ങളിൽ വ്യാപരിക്കുന്നവരാണെന്നും അവരുടെ പ്രവർത്തനങ്ങൾ ആപേക്ഷികങ്ങളാണെന്നും ചിന്തിക്കുന്നത് പൂർണ്ണമായും ശരിയല്ല. 'ഗൗരവമുള്ള ബയോ എത്തിക്കൽ' വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമൂഹികക്ഷേമപ്രവർത്തനങ്ങൾ അപ്രധാനങ്ങളാണെന്ന് കരുതുന്നതും ഉചിതമല്ല.



# തമസോമാ ജ്യോതിർഗമയ

പിതൃമൊഴി
2



**"ഈശോയേ, ഈലോകത്തിൽ വേദനകളിലും ആവശ്യങ്ങളിലും ഞങ്ങൾ എങ്ങനെ ഒന്നിക്കുന്നുവോ, അതുപോലെ സ്നേഹത്തിലും സാഹോദര്യത്തിലും ഞങ്ങളെ ഒന്നിപ്പിക്കണമേ"**
**(ദൈവദാസൻ ബിഷപ് വില്യം ജകീന്താ)**

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ലോ**കത്തിന്റെ പ്രകാശമായ ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധ ത്രിത്വം ലോകത്തിന് സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്ന അത്യുദാത്തമായ സന്ദർഭമാണ് നമുക്കു കാണാൻ കഴിയുക. അതായത് ദൈവം ആരാണെന്ന് വെളിപ്പടുത്തുന്നു. ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യനായ ഈശോ ഒരു ജനത്തെ സജ്ജീകരിക്കാൻ തന്നെത്തന്നെ ഒരുക്കുമ്പോൾ ഈശോയിലൂടെ സ്വർഗ്ഗവും ഭൂമിയും ഒരുമിക്കുന്ന മനോഹരമായ സന്ദർഭമാണ് ഒരുക്കപ്പെടുന്നത്. ഈശോ ഭൂമിയിൽ സ്വർഗ്ഗത്തിലേക്കുള്ള വഴിയായിത്തീരുന്നു; പിതാവ് പുത്രന് അംഗീകാരമുദ്ര നല്കുന്നു; പരിശുദ്ധാത്മാവ് തന്റെ ആവാസംകൊണ്ട് അഭിഷേകം ചെയ്യുന്നു.

പരിശുദ്ധ ത്രിത്വത്തിന്റെ ഈ കൂട്ടായ്മയാണ് ക്രൈസ്തവജീവിതത്തിന്റെ കൂട്ടായ്മയ്ക്ക് അടിസ്ഥാനമായി നില്ക്കേണ്ടത്. നമ്മുടെ മാമ്മോദീസാവേളയിൽ ദൈവം തന്റെ വിശുദ്ധിയുടെ മുദ്ര നമ്മിൽ പതിച്ചെങ്കിൽ നാമും അനേകർക്ക് ലോകത്തിന്റെ പ്രകാശമായ മിശിഹായിലേക്കുള്ള വഴിയായി മാറണം. ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരങ്ങളായി സ്നേഹിക്കുമ്പോൾ സംജാതമാകുന്ന വിശുദ്ധിയുടെ, നന്മയുടെ പ്രകാശമാണ് നമ്മിൽ മറ്റുള്ളവർ




കാണേണ്ടത്. ദനഹായിൽ ദൈവം പ്രകാശമായിട്ടാണല്ലോ പ്രത്യക്ഷപ്പെട്ടത്.

രാത്രി കഴിഞ്ഞ് പ്രഭാതമായി എന്ന് എപ്പോഴാണ് മനസ്സിലാക്കുക എന്ന ചോദ്യത്തിന് ഗുരു ശിഷ്യന്മാർക്ക് നല്കുന്ന ഉത്തരം ഏറെ ചിന്തോദ്ദീപകമാണ്. "നിന്റെ അടുത്തു നില്ക്കുന്നത് നിന്റെ സഹോദരനാണെന്ന് തിരിച്ചറിയാനുള്ള ബോദ്ധ്യം ഉണ്ടാകുമ്പോൾ പ്രഭാതമായി എന്നു കരുതാം." നമ്മുടെ ഓരോരുത്തരുടെയും അകക്കണ്ണുകളാണ് തുറക്കേണ്ടത് എന്ന യാഥാർത്ഥ്യം ഗുരു ഇവിടെ മനസ്സിലാക്കിത്തരികയാണ്. മറ്റുള്ളവരിൽ ദൈവച്ഛായ കാണാൻ തക്കവിധം നമ്മുടെ മനസ്സുകളെ വിശാലമാക്കാൻ, സ്നേഹത്തിന്റെ വിഷയമാക്കാൻ നമുക്കു സാധിച്ചാൽ ഈ ലോകത്തെ പ്രകാശമാനമാക്കുവാൻ കഴിയും. ഈശോയുടെ സ്നേഹമാണ് പ്രകാശം. ആ പ്രകാശം ഹൃദയത്തിലും ജീവിതത്തിലും സംവഹിക്കുന്ന ഒരാൾക്കുമാത്രമേ ഈശോയെ ലോകത്തിന് വെളിപ്പെടുത്താൻ കഴിയൂ.

അന്ധകാരം എപ്പോഴും ഭയമുളവാക്കുന്നു. രാത്രി കഴിഞ്ഞ് ഒന്നു നേരം വെളുത്തിരുന്നെങ്കിൽ എന്ന ആഗ്രഹത്തോടെയാണ് വിശ്രമത്തിനായി നാം പോകുക. പ്രകാശം ഹൃദയത്തിനെപ്പോഴും സന്തോഷമാണ്; സ്വാതന്ത്ര്യം നൽകുന്നതാണ്. ഇരുളും വെളിച്ചവും തമ്മിൽ, നന്മയും തിന്മയും തമ്മിൽ സംഘട്ടനമുണ്ട്. പ്രകാശത്തെ കെടുത്തിക്കളയാനാണ് പലപ്പോഴും മനുഷ്യൻ ശ്രമിക്കുക. മനസ്സിൽ അന്ധത ബാധിച്ചാൽ അത് അപകടകരമാംവിധം ഇരുട്ടിന്റെ പ്രവൃത്തികൾ ചെയ്യുമെന്ന കാര്യം വിസ്മരിച്ചുകൂടാ. അതുകൊണ്ട് ദൈവസ്നേഹം നമ്മിൽ അവതരിച്ചെങ്കിൽമാത്രമേ പ്രകാശത്തിന്റെ മനുഷ്യരാകാൻ സാധിക്കൂ. ഈശോ പറയുന്നു: "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" (യോഹ 8,12).

സ്വാർത്ഥതയുടെയും സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും ഇലച്ചാർത്തുകളിൽ മനസ്സുടക്കിയവർക്ക് അടുത്തു നില്ക്കുന്ന സഹോദരന്റെ കണ്ണുകളിലെ ദൈന്യത കാണുവാനോ അവന്റെ നെഞ്ചിലെ നോവിന്റെ ആഴം അറിയാനോ വിശപ്പിന്റെ വില അറിയാനോ കഴിയില്ല. ദൈവത്തിന്റെ മുഖച്ഛായ പേറുന്ന സഹോദരനെ തിരിച്ചറിയാൻ നാമൊക്കെ 'കണ്ണട' ധരിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ഫ്രെയിമിൽ നമുക്കു ചുറ്റുമുള്ളവരെ നോക്കി കാണാൻ സാഹോദര്യത്തിന്റെ 'കണ്ണട' നമ്മുടെ കാഴ്ചകളെ തെളിവുള്ളതാക്കണം. അപരന് എന്തു സംഭവിച്ചാലും എനിക്കെന്താ എന്ന നിലപാടും നിസ്സംഗതയും വിശാലമായ ഈ ലോകത്തിന്റെ നൊമ്പരക്കാഴ്ചകളിൽനിന്നും മനസ്സുകളെ എന്നേക്കുമായി അടച്ചുകളയും എന്നത് മറക്കാതിരിക്കാം.

ഈശോയുടെ വാക്കുകളും പ്രവൃത്തികളും ജീവിതം മുഴുവനും ലോകപാപങ്ങൾക്ക്, പ്രശ്നങ്ങൾക്ക് സാന്ത്വനവും പരിഹാരവുമായതുപോലെ നമുക്കു ചുറ്റുമുള്ള ലോകത്തിന്റെ ഉണങ്ങാത്ത മുറിവുകൾ വച്ചുകെട്ടുവാനും ആവശ്യങ്ങൾക്ക് മറുപടിയാകാനും ദൈവസ്നേഹത്തിൽനിന്നും നിർഗ്ഗളിക്കുന്ന ഒരു സഹോദരമനസ്സ് സ്വന്തമാക്കാൻ നമുക്കു സാധിക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിലെ അംഗങ്ങൾ എങ്ങനെ പരസ്പരം താങ്ങും തണലുമാകുന്നുവോ അപ്രകാരം നമ്മുടെ ജീവിതത്തിലും ഒരാൾ മറ്റൊരാൾക്ക് സ്വന്തവും ബന്ധുവുമാകുന്ന അവസ്ഥ സംജാതമാകുമ്പോഴാണ് നാം പ്രകാശത്തിൽ ജീവിക്കുന്നു എന്നു പറയാനാകുക. ഈശോയുടെ സ്നേഹത്തിന്റെ, അവന്റെ കരുണയുടെ, കരുതലിന്റെ, സാന്ത്വനത്തിന്റെ പ്രകാശം നമ്മുടെ അന്തരാത്മാവിന്റെ വെളിച്ചമായി മാറുവാനും അന്ധകാരത്തെ അകറ്റുന്ന സത്യപ്രകാശമായ ഈശോയെ ലോകത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരമായി നല്കുവാനും നമുക്ക് ആഗ്രഹിക്കാം. സഹോദരതുല്യമായ സ്നേഹത്തിൽ നിന്നുളവാകുന്ന ഐക്യവും സമാധാനവും നമ്മുടെ ഹൃദയങ്ങളിൽ നിലനില്ക്കുവാനും വിശുദ്ധിയിലേക്കുള്ള ചുവടുകൾ ഒത്തൊരുമിച്ചു കയറുവാനും ഇടയാകേണ്ടതിന് നമുക്ക് ദൈവം കൃപ നൽകട്ടെ.



# പരമോന്നതനീതിപീഠ വിധികൾ: വിശകലനങ്ങൾ

റവ. ഡോ. ജേക്കബ് കോയിപ്പള്ളി
ചങ്ങനാശ്ശേരി അതിരൂപത

**രാ**ജ്യത്തെ പരമോന്നത നീതിപീഠം എന്ന നിലയിൽ സുപ്രീം കോടതിയും അതിന്റെ വിധികളും പ്രത്യേകം ശ്രദ്ധയർഹിക്കുന്നതാണ്. എന്നാൽ ഈ സമീപകാലത്തെ സുപ്രീം കോടതി വിധികൾ കോടതിയോടുതന്നെയുള്ള ബഹുമാനം നഷ്ടപ്പെടുത്തിക്കളയുന്നതിനുള്ള വഴിയാണ് തുറന്നിരിക്കുക.

**സ്വവർഗ്ഗഭോഗം എന്നത് ക്രിമിനൽ കുറ്റമല്ല**

സെപ്റ്റംബർ 6, 2018 – ൽ സുപ്രീംകോടതി അഞ്ചംഗബഞ്ചാണ് സ്വവർഗ്ഗഭോഗം എന്നത് ക്രിമിനൽ കുറ്റമല്ല എന്ന വിധി പ്രഖ്യാപിച്ചത്. തത്ഫലമായി സ്വവർഗ്ഗഭോഗത്തിന്റെ പേരിൽ പ്രായപൂർത്തിയായ, സ്വയംതീരുമാനമെടുക്കാൻ കഴിവുള്ള രണ്ട് വ്യക്തികൾ തമ്മിലുള്ള പ്രവൃത്തികൾ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഈ വിധിയിൽ LGBTകമ്മ്യൂണിറ്റി (Lesbian, Gay, Bisexual, Transgenders) അംഗങ്ങൾ വലിയ വിശ്വാസവും സംതൃപ്തിയും രേഖപ്പെടുത്തി.

സെപ്റ്റംബറിലെ ആ വിധി ഇന്ത്യയിലെ ജനതകളിൽ ഉണ്ടാക്കിയ ധാർമ്മിക പ്രശ്നങ്ങൾ എന്താണ്? താഴെപ്പറയുംവിധം ഇത് ക്രോഡീകരിക്കാം.

ലൈംഗികത എന്നത് സ്ത്രീ-പുരുഷ ബന്ധവുമായി ചേർന്നുനില്ക്കുന്ന ഒന്ന് എന്നതിൽനിന്ന് അതിന്റെ പ്രകൃതവും സ്വഭാവവും അട്ടിമറിച്ച് "സുഖം" എന്നതിലേക്ക് തരംതാഴ്ത്തി.

സ്രഷ്ടാവിന്റെ പരമാധികാരത്തെയും മനുഷ്യരിൽ സ്രഷ്ടാവ് നിയുക്തമാക്കിയിരിക്കുന്ന സ്നേഹപ്രതിസ്നേഹ കാഴ്ചപ്പാടുകളെയും ആ വിധി പാടേ അവഗണിച്ചു.

സ്വവർഗ്ഗഭോഗപ്രവണത ഒരു വ്യക്തിയിൽ ഉണ്ടാക്കുന്നത് സ്വാഭാവികതയിൽനിന്ന് വേർപ്പെട്ട അവസ്ഥയാണ്. പ്രസ്തുത അവസ്ഥ, അയാളുടെ ശാരീരിക, മാനസിക പശ്ചാത്തലവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രസ്തുത അവസ്ഥയിൽ, അതിനെ സഹായിച്ച് അയാൾക്ക് വ്യക്തിപരമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്നതിനുപകരം അയാളുടെ അസ്വാഭാവികതയിൽ തുടരാനും നശിക്കാനും ഈ വിധി കാരണമാകുന്നു.

കുറ്റമല്ലാത്ത അവസ്ഥയിലേക്ക് ഈ പ്രവൃത്തിയെ ഉൾപ്പെടുത്തിയതുമൂലം അത്തരം അസ്വാഭാവികതയിൽ അല്ലാത്തവർക്കുപോലും തമാശയ്ക്കും വിനോദത്തിനുമായി പ്രസ്തുത കാര്യങ്ങളിൽ ഏർപ്പെടാൻ ഈ വിധി വഴിതുറന്നു എന്നതാണ് വാസ്തവം.

വിശുദ്ധഗ്രന്ഥത്തിലുടനീളം നിഷിദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതും അധാർമ്മികമെന്ന് നിരന്തരമായി സഭ പഠിപ്പിക്കുന്നതുമായ ഒരു കാര്യത്തെക്കുറിച്ച് പ്രസ്തുത വിധിമൂലം സാധാരണക്കാർക്കിടയിൽ സംശയങ്ങൾ ഉണ്ടായി. സ്വവർഗ്ഗഭോഗ പ്രവണത എന്ന സ്വാഭാവവൈകൃതം ഒരു വ്യക്തിയുടെ പ്രശ്നമായിരിക്കവേ, പ്രസ്തുത വിധി, ഈ പ്രവണതയെ പുരുഷ-സ്ത്രീ ബന്ധ ലൈംഗികതയ്ക്ക് സമാന്തരമായ മറ്റൊന്നായി ചിത്രീകരിക്കുവാൻ ഇടവരുത്തി.

സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനോ പൂർണ്ണസമർപ്പണം സാധ്യമാക്കാനോ കഴിയാത്ത ഈ പ്രവണത തികച്ചും അനാരോഗ്യവും മാനസികവൈകല്യങ്ങളിലേക്ക് നയിക്കുന്നതുമാകയാൽ ഈ പ്രവണത ധാർമ്മികമായി തെറ്റാണ്. അത്തരം പ്രവണതകളിൽ ആയിരിക്കുന്നവർക്ക് സാന്ത്വനവും പരിചരണവും നല്കി നേരായ മാർഗ്ഗത്തിൽ എത്തിക്കുവാൻ നാം വളരെ ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

**വ്യഭിചാരം ഇനിമേലിൽ കുറ്റകരമല്ല**

സെപ്റ്റംബർ മാസം 27 നാണ് വളരെ വിചിത്രമായ മറ്റൊരു വിധി ഉണ്ടായത്. വ്യഭിചാരമെന്നപ്രവൃത്തി ഇനിമേലിൽ കുറ്റകരമല്ല. അതു കുറ്റകരമാക്കുമ്പോൾ സ്ത്രീകളോടു നാം വിവേചനം കാട്ടുന്നു എന്നായിരുന്നു കോടതിയുടെ കണ്ടുപിടുത്തം. ഈ വിധി നമ്മിൽ ഉണ്ടാക്കുന്ന ദൂരവ്യാപകമായ ഫലങ്ങൾ എന്തൊക്കെയാണ്.

വ്യഭിചാരത്തിൽ അരങ്ങേറുന്നത് ആത്മാവും മനസ്സും പങ്കുവയ്ക്കാത്ത ഒരു ശാരീരികബന്ധമാണ്. അതിൽ സുഖംമാത്രമാണ് മനുഷ്യൻ തേടുക. അംഗീകാരമോ ആത്മാർത്ഥതയോ ഇല്ലാത്ത അത്തരം ബന്ധത്തെ പ്രോൽസാഹിപ്പിച്ച കോടതി, വരുന്ന തലമുറയിലെ വഴിതെറ്റുന്ന കൗമാരങ്ങൾക്ക് ഉത്തരം പറയേണ്ടിവരും.

വ്യഭിചാരം ഇനിമേൽ കുറ്റകരമല്ല എന്ന മൃദുസമീപനം മൂല്യത്തകർച്ചയിലെ ആദ്യപടി മാത്രമാണ്. താമസം കൂടാതെ വേശ്യാവൃത്തിയും അനുവദിക്കുന്ന അവസ്ഥയിലേക്ക് നാം നടക്കുന്നതിന്റെ സൂചനയാണിത്.

കുടുംബജീവിതങ്ങളിൽ അത്യാവശ്യമായ സംശയങ്ങൾ ഉടലെടുക്കാനും വ്യക്തികളെ ഉപയോഗപ്രദമായ അവസരങ്ങളായി കാണുവാനും നേരായ വഴികളിൽ ചരിക്കുന്നവർക്കുപോലും മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുവാനും മാത്രമേ ഈ വിധിക്ക് കഴിയുകയുള്ളൂ.

ഇത്തരം അവസരങ്ങളിൽ നമ്മുടെ മനോഭാവം എന്താവണം? ധാർമ്മികവും വിശ്വാസപരവുമായ കാര്യങ്ങളിൽ വിശ്വാസി ഉറ്റുനോക്കുന്നത് മിശിഹായെയും അവന്റെ പ്രബോധനത്തെയുമാണ്. കാലാകാലങ്ങളായി ആ പ്രബോധനം നമ്മിൽ എത്തിക്കുക സഭയാണ്. വിശ്വാസത്തിലും ധാർമ്മികതയിലും സഭയോടൊപ്പമാണ് നാം നീങ്ങുക. അബോർഷൻ കോടതി വിധിപ്രകാരം അനുവദനീയമാണെങ്കിലും, വിശ്വാസി അബോർഷനെ നിരാകരിക്കുക അത് അവന്റെ ധാർമ്മിക വിശ്വാസ തലങ്ങളെ ബാധിക്കുന്നതുകൊണ്ടാണ്. ധാർമ്മിക വിഷയങ്ങളിൽ മേൽ പറഞ്ഞതല്ലാതെ മറ്റൊരു സമീപനം വിശ്വാസിക്കില്ലാത്തതിനാൽത്തന്നെ, ഇത്തരം ഡി-ക്രിമിനലൈസേഷൻ വിധികളിൽ സഭയ്ക്ക് മറ്റൊരു അഭിപ്രായമില്ല. കോടതി വിധി എന്തുതന്നെയായാലും വ്യക്തിധാർമ്മികതയും വിശ്വാസവും സംബന്ധിക്കുന്ന കാര്യങ്ങളിൽ ഇത്തരം വിധികൾ വരുംതലമുറകൾക്ക് ഉണ്ടാക്കാവുന്ന ധാർമ്മിക ചിന്തയെ വിമർശിക്കുവാനും സ്വന്തം ജീവിതത്തിൽ അവയെ നിഷേധിക്കുവാനും വിശ്വാസിക്ക് അവകാശമുണ്ടായിരിക്കും.

# കാവലാൾ- 12

ജാൻസിറ്റീച്ചർ
കറുകപ്പറമ്പിൽ

**പു**തിയ സാഹചര്യത്തോട് കുഞ്ഞുമോൾ പെട്ടെന്ന് പൊരുത്തപ്പെട്ടു. അടുക്കളയുടെ ഭാരം കുറഞ്ഞതുപോലെ തെയ്യാമ്മയ്ക്കും തോന്നി. പ്രൊവിൻഷ്യൽ ഹൗസിന്റെ അടുക്കളയിൽ തെയ്യാമ്മ ജോലി തുടങ്ങിയിട്ട് വർഷം പത്തൻപതായി. ഇപ്പോഴും ആ കൈപുണ്യത്തിന് കുറവൊന്നുമില്ല. അൽപം മുൻശുണ്ഠിക്കാരിയായതിനാൽ കൂട്ടത്തിൽ സഹായത്തിന് വന്നിട്ടുള്ളവരൊക്കെ ആ നാക്കിന്റെ എരിവ് അറിഞ്ഞിട്ടുമുണ്ട്. പക്ഷേ കുഞ്ഞുമോളോട് അവർക്ക് ഒരു പ്രത്യേക അടുപ്പംതോന്നി. എല്ലാം നോക്കീം കണ്ടും ചെയ്യാനും പ്രസന്നതയോടെ തിരുത്തലുകൾ സ്വീകരിക്കാനും അവൾക്ക് ഒരു പ്രത്യേക കഴിവുണ്ടെന്നവർക്കു തോന്നി.

തെയ്യാമ്മയുടെ കഥയും അവളുടെ കഥയ്ക്കു സമാനംതന്നെ. മഠത്തിന്റെ മുറ്റത്ത് ആരോ ഉപേക്ഷിച്ച കുഞ്ഞിനെ സിസ്റ്റർമാർ എടുത്തുവളർത്തിയതാ. പതിരുപത്തഞ്ചു വയസ്സായപ്പോൾ തയ്യൽക്കാരൻ തോമാച്ചൻ കല്യാണം കഴിച്ചു. സ്നേഹം പൂത്തുലഞ്ഞ അവരുടെ ദാമ്പത്യത്തിൽ ഒരു മകൻ പിറന്നു. അവന്റെ ഒന്നാം പിറന്നാളിന് തോമാച്ചൻ കേക്കുംവാങ്ങി തിരിച്ചുവരുമ്പോഴാണ് ട്രെയിൻ തട്ടി മരിച്ചത്. തിരികെക്കിട്ടിയ പാതിമൃതദേഹത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞ തെയ്യാമ്മയും മകനും വീണ്ടും മഠത്തിന്റെ സംരക്ഷണത്തിലേക്ക് എത്തുകയായിരുന്നു. മകൻ കൊച്ചുമോൻ ഇപ്പോൾ വിദേശത്ത് ജോലി ചെയ്യുന്നെങ്കിലും മഠംവിട്ടു പുതിയതായി പണിത വീട്ടിൽ ഒറ്റയ്ക്കു കഴിയാൻ തെയ്യാമ്മയ്ക്ക് മനസ്സുവന്നില്ല.

"അമ്മേ ദേ പാലു തിളച്ചു".

"ങേ..."!

പാലടുപ്പത്തുവച്ച് ചിന്തകളിലൂടെ ഊളയിട്ട തെയ്യാമ്മ ആ വിളി കേട്ടു... 'അമ്മ'!

"കുഞ്ഞുമോളെ നീയൊന്നൂടെ വിളിച്ചേടീ"

"എന്താ?"

"ഇപ്പോ വിളിച്ചതൊന്നൂടെ വിളിക്കാൻ"

"അമ്മേ എന്ന് വിളിച്ചാൽ പ്രശ്നമാണോ... ഞാനറിയാതെ..."

''അല്ലെടീ... നീയിനിയും എന്നെ അങ്ങനെതന്നെ വിളിക്കാമോ എന്നാ ഞാൻ ചോദിച്ചത്"

കുഞ്ഞുമോൾക്കൊന്നും മനസ്സിലായില്ല. എങ്കിലും അവൾ വിളിച്ചു, "അമ്മേ".

തെയ്യാമ്മ അവളെ ചേർത്തുപിടിച്ച് ഉമ്മവെച്ചു.

"മോളെ നിന്നോട് ഞാനൊരു കാര്യം ചോദിക്കട്ടെ. എന്റെ മകൻ കൊച്ചുമോൻ ഗൾഫിലാ. ഒരു കടയിൽ നിൽക്കുവാ. ഇവിടുന്നു പത്തും പ്ലസ്ടൂവും കഴിഞ്ഞുപോയതാ. അവന് ഒരു കാലിന് സ്വാധീനക്കുറവുണ്ട്. ഒരു ചട്ടുകാലനെ കെട്ടാൻ മോൾക്കു സമ്മതമാണെങ്കിൽ എന്റെ കൊച്ചൻ ക്രിസ്മസിനു വരുമ്പോ നിന്നെ ഞാനെന്റെ മകളാക്കാം... അവന്റെ പടം ദേ എന്റെയാ പേഴ്സിലുണ്ട്. നോക്കിക്കേ".

കുഞ്ഞുമോൾ ആ പേഴ്സിൽനിന്നും കൊച്ചുമോന്റെ പടം എടുത്തു. ചുരുളൻമുടിയും കറുത്ത തിളങ്ങുന്ന കണ്ണുകളുള്ള ചൈതന്യം നിറഞ്ഞ ഒരു ചെറുപ്പക്കാരൻ.

"പക്ഷേ ആ ചേട്ടന് എന്നെ ഇഷ്ടപ്പെടുമോ?"

"നിന്നെക്കുറിച്ച് ഞാനെല്ലാം പറഞ്ഞു. ഒരുദിവസം അവൻ എന്നെക്കണ്ടോണ്ടു ഫോൺ വിളിച്ചപ്പോൾ നീയതു കാണാൻ വന്നില്ലേ. അന്നവൻ നിന്നെ കണ്ടു".

അവളപ്പോഴാ അതോർത്തത്. തെയ്യാമ്മച്ചേടത്തി മകൻ തന്ന ടച്ച്ഫോണിന്റെ കഥ പറഞ്ഞതും അതിലൂടെ അകലെയുള്ള മകനെ കണ്ടോണ്ടു ഫോൺ വിളിക്കുന്നവിധം പഠിക്കാൻ പാടുപെട്ടതുമൊക്കെ.

ആ അടുക്കളയ്ക്ക് സൗന്ദര്യം കൂടിയതുപോലെ അവൾക്കു തോന്നി. ആരുമില്ലാത്തവർക്ക് തുണ നൽകുന്നതു ദൈവമാണെന്ന് സ്റ്റീനാമോളു പറഞ്ഞത് അവളോർത്തു. ബുധനാഴ്ചകളിലെ ഉപവാസപ്രാർത്ഥനകൾക്ക് മാതാവ് ഫലം തന്നതാണെന്ന് അവൾ വിശ്വസിച്ചു.

അന്ന് വൈകുന്നരം കൊച്ചുമോൻ തെയ്യാമ്മച്ചേടത്തിയെ ഫോൺ വിളിച്ചപ്പോൾ അവർ ആ ഫോൺ കുഞ്ഞുമോൾക്കു നേരെ നീട്ടി. അവൾക്ക് ഒന്നും മിണ്ടാനായില്ല.

"കൊച്ചേ, അമ്മ എല്ലാം പറഞ്ഞു. കൊച്ചിന് ഇഷ്ടമാണെങ്കിൽ ഞാൻ പൊന്നുപോലെ നോക്കിക്കോളാം".

അവന്റെ സംസാരം അവൾക്കു ഹൃദ്യമായി തോന്നി.


"എന്നെ ഇഷ്ടമായോ?"

ചിരിച്ചുകൊണ്ടവൾ തലയാട്ടി. ഫോൺ തെയ്യാമ്മച്ചേടത്തിയുടെ കയ്യിൽ കൊടുത്തിട്ട് അവൾ ചാപ്പലിലേക്കു പോയി. മാതാവിന്റെ രൂപത്തിനു താഴെ നന്ദികൊണ്ട് നിറഞ്ഞൊഴുകുന്ന കണ്ണുകളുമായി അവൾ നിന്നു.

അവൾ മദറിന്റെയടുത്തുചെന്ന് കാര്യങ്ങളെല്ലാം പറഞ്ഞു.

''മോളെ ദൈവം നിന്നെ കൈവിടില്ല. അവനും ഇവിടെ വളർന്നവനാ. നല്ല കുഞ്ഞാ.. പാവമാ... ചട്ടുകാലനാണെന്ന വിഷമംകൊണ്ട് പഠനം ശരിക്കു നടന്നില്ല. നല്ല ഒന്നാന്തരമായിട്ടു വരയ്ക്കും, സുന്ദരമായിട്ട് പാട്ടുപാടും... ഓർഗണും ഗിത്താറും തബലയും വായിക്കും."

''അമ്മേ എനിക്കെന്റെ സ്റ്റീനാമോളോട് ഒന്നു മിണ്ടണം".



"ഞാൻ ഗൊരേത്തിയെ വിളിച്ചുതരാം"

"സ്റ്റീനാമോളെ ഒന്നു വിളിച്ചുതരാമോ... അവളുടെ കുഞ്ഞാന്റിയാ".

"സ്റ്റീനാ ചാപ്പലിലാ..."

"എങ്കിൽ പിന്നെ വിളിച്ചോളാം..."

കുഞ്ഞുമോൾ അന്ന് ഉറങ്ങാൻ കിടന്നപ്പോൾ മരിച്ചുപോയ അമ്മയുടെ സാന്നിധ്യം കൂടുതലായി അവൾക്കനുഭവപ്പെട്ടു. അമ്മയുടെ പ്രാർത്ഥന തനിക്കുണ്ടെന്ന് അവളോർത്തു. അമ്മ സ്വർഗ്ഗീയ സന്നിധിയിൽ ഈശോയുടെ മടിയിലിരുന്ന് പ്രാർത്ഥിക്കുന്നുവെന്ന ബോധ്യം അവളിൽ ആഴപ്പെട്ടു. ഒന്നുമില്ലാത്ത തന്നെ



ഇത്രയുമെത്തിച്ച ദൈവത്തിന്റെ കരുണയും തന്റെ സ്വന്തമെന്നു പറയാൻ ആകെ ഈ ഭൂമിയിലുള്ള സ്റ്റീനാമോളുടെ പ്രാർത്ഥനയും... "ഈശോയേ, നീ എല്ലാം നന്മയ്ക്കായി തീർക്കുന്നു... നന്ദി ഈശോയെ...!'' ഉറക്കത്തിലേക്കു വഴുതി വീഴുമ്പോഴും അവളുടെ മനസ്സു മന്ത്രിച്ചുകൊണ്ടിരുന്നു.

(തുടരും)

പ്രഭാതത്തിൽ, അന്നും പതിവുപോലെ ഡോണാമോൾ പുതിയ സംശയവുമായി അടുക്കളയിലേക്ക് ഓടിച്ചെന്നു. തിരക്കിട്ടു ജോലിചെയ്യുന്ന മമ്മിയോട് അവൾ ചോദിച്ചു: "മമ്മീ, ഈ പുതിയ സ്നേഹം എന്നതാ മമ്മീ"? "*കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്*"(വിലാ 3,22-23). തലേദിവസം മരിയചേച്ചി വായിച്ച ഈ വചനഭാഗം അവളുടെ പിഞ്ചുമനസ്സിൽ ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. ഡോണാമോളുടെ സംശയത്തിന് നമുക്ക് ഉത്തരം കണ്ടെത്താം.




ഒരിക്കലും അസ്തമിക്കാത്ത സ്നേഹവും ഒരിക്കലും അവസാനിക്കാത്ത കാരുണ്യവുമായി ഓരോ പ്രഭാതത്തിലും നമ്മെ വഴിനടത്തുന്ന ദൈവം നല്ലവനാണെന്നു രുചിച്ചറിയുമ്പോൾ അതിനു പുതുമ അനുഭവപ്പെടുന്നു. അതിനായി വീണ്ടുമിതാ ഒരു പുതുവർഷപ്പുലരി...

ഒരു ഭവനത്തിലേക്കു കടന്നുചെന്നപ്പോൾ 97 വയസ്സുള്ള അമ്മച്ചിയെ കാണാനും തന്റെ മക്കളോടും കൂടെയുള്ള മരുമകളോടും കൊച്ചുമക്കളോടും കാണിക്കുന്ന അതിരറ്റ സ്നേഹത്തെ തിരിച്ചറിയാനും സാധിച്ചു. അതീവ സന്തോഷവതിയും യാതൊരു പരാതിയുമില്ലാത്തവളുമായ അമ്മ! എപ്പോഴും നിറഞ്ഞ പുഞ്ചിരിയോടെ ആയിരിക്കുന്ന ഒരമ്മ! ഞങ്ങൾ പ്രാർത്ഥിച്ച് യാത്ര പറഞ്ഞ് ആ വീട്ടിൽനിന്നും ഇറങ്ങിയപ്പോൾ ഇരുകരങ്ങളും ഉയർത്തിപ്പിടിച്ച് കർത്താവിനോട് പ്രാർത്ഥിക്കുന്നത് ഞങ്ങൾ കേൾക്കുവാനിടയായി: "എന്റെ കർത്താവേ, ഇവിടെ വന്നുപോയ ഈ മക്കളെ നീ അനുഗ്രഹിക്കണമേ, കാത്തുകൊള്ളണമേ". ഓരോ ദിവസവും കർത്താവിന്റെ പുതിയ സ്നേഹത്തെ രുചിച്ചറിഞ്ഞ് നന്ദിയർപ്പിക്കുന്ന ഒരമ്മ!!

"കർത്താവ് തന്റെ അടുക്കലേക്ക് തിരിയുന്നവരോട് കാണിക്കുന്ന കാരുണ്യവും ക്ഷമയും എത്ര വലുതാണ്" (പ്രഭാ 17,29). കർത്താവിന്റെ പക്കലേക്കുള്ള മനസ്സിന്റെ തിരിവാണ് നമുക്കിന്നാവശ്യം. കർത്താവിന്റെ പക്കലേക്കു തിരിയുന്നവർക്കാണ് തിരിച്ചറിവ് ലഭിക്കുന്നത്. ദൈവസ്നേഹത്തെക്കുറിച്ചുള്ള തിരിച്ചറിവിലൂടെ സ്വന്തം പോരായ്മകളെക്കുറിച്ചുള്ള തിരിച്ചറിവ്, സ്വന്തം



ഉത്തരവാദിത്വത്തെക്കുറിച്ചുള്ള തിരിച്ചറിവ്, സ്വന്തം കുടുംബത്തെപ്പറ്റിയുള്ള തിരിച്ചറിവ്, സഹോദരങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് ലഭിക്കുന്നു. ഇപ്രകാരം തിരിച്ചറിഞ്ഞു തിരിഞ്ഞുനടക്കുന്ന ജീവിതത്തിൽ പരിഭവമില്ല, പരാതിയില്ല. അവർ വീണ്ടും ആരംഭിക്കാനുള്ള ധൈര്യം ആർജ്ജിക്കും. മറ്റൊരു ഭവനത്തിലേക്കു കയറിച്ചെന്നപ്പോൾ ഇപ്രകാരം പരാതിയില്ലാത്ത, പരിഭവമില്ലാത്ത ഒരു അമ്മയെ കണ്ടെത്താനിടയായി. അമ്മയുടെ കൂടെയുള്ളത് 23 വയസ്സുള്ള ശയ്യാവലംബയായ ഒരു മകളാണ്. ഒന്നര വയസ്സുമുതൽ അബ്നോർമാലിറ്റിയും തളർവാതവും ആ മകളെ പിടികൂടി. മദ്യപാനിയായ പിതാവ് മരിച്ചിട്ട് 2 വർഷം തികയുന്നു. വിവാഹിതനാകുന്നതിനുമുമ്പുതന്നെ അയാൾ ഒരു മദ്യപാനി ആയിരുന്നു. ആ കുഞ്ഞിന്റെ ചെറുപ്രായത്തിൽ തന്റെ പിതാവിന്റെ അധരങ്ങളിൽനിന്നും വന്നിട്ടുള്ള മോശമായ വാക്കുകൾ... ആ വാക്കുകൾ മകളുടെ ഉപബോധമനസ്സിൽ ഇന്നും നിറഞ്ഞുനില്ക്കുന്നു. ചിലപ്പോളൊക്കെ ഉച്ചത്തിൽ ഈ പദങ്ങളാണ് അവൾ വിളിച്ചുപറയുക. അതെന്താണെന്നുകൂടി അവൾക്കറിഞ്ഞുകൂടാ. ഈ സഹനങ്ങളൊക്കെയും പരാതിയില്ലാതെ സ്വീകരിച്ച്, ദൈവത്തിൽ ആശ്രയം അർപ്പിച്ച് തനിക്കു ദൈവം നല്കിയ മകളെ ശുശ്രൂഷിച്ച് ഭവനത്തിൽ കഴിയുന്ന അമ്മ! ആ അമ്മ സന്തോഷവതിയായിരിക്കുന്നു. "കർത്താവിനെ ആശ്രയിക്കുന്നവരെ അവിടുത്തെ സ്നേഹം വലയം ചെയ്യും" (സങ്കീ 127).

"സന്തോഷപൂർവ്വം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കോറി 9,7). പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലിക ഉദ്ബോധനത്തിൽ ഇപ്രകാരം പറയുന്നുണ്ട്: "സഹോദരസ്നേഹം ആനന്ദം ഉൾക്കൊള്ളുന്നതിനുള്ള നമ്മുടെ ത്രാണി വർദ്ധിപ്പിക്കുന്നു. എന്തെന്നാൽ, അതു മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുന്നതിന് നമ്മെ കഴിവുള്ളവരാക്കുന്നു. കർത്താവിൽനിന്നും നമ്മൾ പ്രാപിച്ച അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തയുള്ളവരായിരിക്കണമെന്ന് അദ്ദേഹം നമ്മോടാവശ്യപ്പെടുന്നു. പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെതന്നെ ചരിത്രത്തെക്കുറിച്ച് ചിന്തിക്കുക; അവിടെ നിങ്ങൾ ധാരാളം കാരുണ്യം കണ്ടെത്തും. കർത്താവ് എപ്പോഴും നിങ്ങളെക്കുറിച്ച് ജാഗ്രതയുള്ളവനാണെന്നും നിങ്ങളെ ഒരിക്കലും മറക്കുകയില്ലെന്നുമുള്ള നിങ്ങളുടെ ബോധ്യം ഇത് വർദ്ധിപ്പിക്കും. അതുകൊണ്ട് നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും ചെറിയ വിശദാംശങ്ങളിലും വെളിച്ചംവീശാൻ അവിടുത്തോട് അപേക്ഷിക്കുന്നത് അർത്ഥവത്താണ്; എന്തെന്നാൽ അവിടുന്ന് അവയെല്ലാം കാണുന്നു".

ആകയാൽ നമുക്കും പുതിയ സ്നേഹത്തിന്റെ ഉടമകളായിത്തീരാം. നമുക്കും വീണ്ടും ആരംഭിക്കാം... കഴിഞ്ഞ ജീവിതത്തിലെ വെറുപ്പിന്റെ തലങ്ങളെ - അതായത്, മറക്കാനാവാത്ത ഓർമ്മകളെ, വിദ്വേഷമനോഭാവത്തെ, ഉൾക്കൊള്ളാനാവാത്ത വ്യക്തിത്വങ്ങളെ, സ്വീകരിക്കാനാവാത്ത സ്വഭാവരീതികളെയെല്ലാം എന്നേക്കുമായി ദൂരെയകറ്റാം. ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചവരെയും തെറ്റിദ്ധരിച്ചവരെയും മനസ്സിലാക്കാത്തവരെയും സ്നേഹത്തിന്റെ ഒരു വാക്കുപോലും ഉരിയാടാത്തവരെയും സ്നേഹത്തോടെ ഒന്നു നോക്കാൻപോലും തയ്യാറാകാത്തവരെയും ഹൃദയത്തോടു ചേർത്തുവയ്ക്കാം. "കർത്താവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ 34) എന്നുള്ള സങ്കീർത്തകന്റെ വാക്കുകൾ നമുക്ക് സ്വന്തമാക്കാം. എന്റെ ദൈവം എനിക്ക് ഒരു പുതിയ വർഷംകൂടി ദാനമായി നല്കുന്നെങ്കിൽ, അവിടുന്ന് എനിക്ക് ഓരോ പ്രഭാതത്തിലും പുതിയ സ്നേഹം സമ്മാനമായി നല്കുന്നെങ്കിൽ ആ ദൈവം ഇപ്രകാരം മറ്റുള്ളവരെയും സ്നേഹിക്കണമെന്നല്ലേ എന്നോടും ആവശ്യപ്പെടുക. ആകയാൽ "*കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്*" എന്ന വചനത്തിൽ വിശ്വാസമർപ്പിച്ച് അവിടുത്തെ സ്നേഹം രുചിച്ചറിഞ്ഞുകൊണ്ട് പുതുവർഷപുലരിയിലേക്കു നമുക്കു സന്തോഷത്തോടെ പ്രവേശിക്കാം.



# ഉപേക്ഷ ആനന്ദത്തിന്റെ താക്കോൽ

**നെവിൻ മങ്ങാടൻ**

**ഈ**ശോയിൽ ഈശോയ്ക്കുവേണ്ടി ഉപേക്ഷിക്കുന്നതിൽനിന്നാണ് ആനന്ദം ജനിക്കുക, ലോകത്തിൽ ഒന്നും സ്വന്തമായില്ലാതിരിക്കുക, ലോകത്തിന്റെ മോഹങ്ങളെ ഉച്ഛിഷ്ടമായി കരുതുക - ഇതായിരുന്നു ഈശോയാൽ സ്വന്തമാക്കപ്പെട്ടവരുടെ ജീവിതത്തിന്റെ ആസ്വാദ്യത എന്നത്. ഈശോയ്ക്ക് മരണക്കിടക്കയിൽ പകുത്തുനൽകാൻ ലോകത്തിന്റേതെന്നു പറയുവാൻ ആകെക്കൂടി തന്റെ മേലങ്കിയും മേൽവസ്ത്രവുംമാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതാണ് സത്യം. ഈ വലിയ സത്യത്തെ പുൽകിയ ആത്മാവിനെ കണ്ടെത്താൻ ബുൾഹോം കൊട്ടാരംവരെ യാത്ര ചെയ്യണം.

പോർച്ചുഗീസ് രാജാവിന്റെ മജിസ്ട്രേറ്റായിരുന്ന ഡോൺ മാർട്ടിനോയുടെയും ഡോണാ തെരേസായുടെയും മകനായിരുന്നു ഫെർണാൻഡോ. ചുറുചുറുക്കും ധൈര്യവുമുള്ള ചെറുപ്പക്കാരൻ, പോർച്ചുഗലിൽ ലിസ്ബണിന്റെ ഭരണചക്രം തിരിക്കേണ്ടവൻ, ഇടപ്രഭുക്കന്മാരെ നയിക്കേണ്ടവൻ, മാടമ്പിമാരെ നിയന്ത്രിക്കേണ്ടവൻ. പ്രതാപപൂർണമായ ബുൾഹോം കൊട്ടാരവും പതിനായിരക്കണക്കിന് ഏക്കർ കൃഷിയിടവും നാളെയിലെ മജിസ്ട്രേറ്റ് സ്ഥാനവും ഫെർണാൻഡോ എന്നന്നേയ്ക്കുമായി ഉപേക്ഷിച്ച് പടിയിറങ്ങുകയാണ്. അഗസ്റ്റീനിയൻ ആശ്രമത്തിന്റെ അകത്തളങ്ങളിൽ ഈശോയോടുള്ള സ്നേഹത്തിന്റെ തികവിൽനിന്ന് ജീവിതത്തിൽ ദാരിദ്ര്യത്തിന്റെ ആത്മാവിനെ ആവാഹിച്ചെടുക്കുന്ന ഫെർണാൻഡോ... ഈശോയുടെ സ്നേഹത്തിന്റെ പ്രകാശം അവന്റെ മുഖത്ത് നിഴലിച്ചുനിന്നിരുന്നു. ഒരിക്കൽ മാതാപിതാക്കൾ അവനെ കാണാൻ ആശ്രമത്തിലെത്തി. അപ്പോൾ അവർ കാണുന്ന കാഴ്ച ഏറ്റവും എളിയ പ്രവൃത്തികൾ ചെയ്ത് ആനന്ദത്തിലാഴ്ന്നിരിക്കുന്ന ഫെർണാഡോയെയാണ്. സ്വർഗ്ഗീയമഹിമ വെടിഞ്ഞ് എളിയവനായി, കാലിത്തൊഴുത്തിൽ പിറന്ന ഈശോയെ പിൻചെല്ലുന്ന പ്രഭുകുമാരൻ!

2 വർഷങ്ങൾക്കുശേഷം ഫെർണാൻഡോ ആശ്രമശ്രേഷ്ഠന്റെ മുറിയിലെത്തി ഇങ്ങനെ പറഞ്ഞു: “2 വർഷങ്ങൾക്കു മുമ്പ് ഞാൻ ഇവിടെയെത്തിയത് ഈശോയെമാത്രം തേടിയായിരുന്നു. എന്നാൽ രാജകൊട്ടാരവും ലിസ്ബൺ നഗരവും അതിന്റെ വാർത്തകളും ആലോചനകളും എന്റെ ചെവിയിലെത്തുന്നു. ഒപ്പം വീട് ആശ്രമത്തിനടുത്തായതിനാൽ കുടുംബത്തിന്റെ വിശ്വസ്തൻ എപ്പോഴും എന്നെക്കാണാൻ വന്ന് ഇവിടെനിന്നും എന്നെ പുറത്തുചാടിക്കാനുള്ള ശ്രമം നടത്തുന്നു. അതുകൊണ്ട് എന്നെ ദൂരെ, കോയിമ്പ്രയിലേക്ക് മാറ്റണമെന്ന് ഞാൻ അപേക്ഷിക്കുന്നു”.

ഫെർണാൻഡോ എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ച് 7 ദിവസത്തെ ദുർഘടമായ യാത്രയ്ക്കൊടുവിൽ കോയിമ്പ്രയിലെത്തി. ഈശോയോടൊത്ത് ജീവിതം തുടർന്നു. ഈ ഫെർണാൻഡോയാണ് അഗസ്റ്റീനിയൻ ആശ്രമം വിട്ട് കൂടുതൽ ദാരിദ്ര്യത്തിന്റെ തീവ്രത ജീവിക്കുവാൻ അസ്സീസ്സിയിലെ ഫ്രാൻസിസിനെ പിൻചെന്ന് ഫ്രാൻസിസ്കൻ സന്യാസിയായി മാറിയ വിശുദ്ധ അന്തോനീസ്...

ലോകത്തെ ഉപേക്ഷിക്കുക എന്നതാണ് അതിനെ കീഴടക്കുവാനുള്ള മാർഗ്ഗം... ദൈവത്തിനായി ലോകത്തെ ഉപേക്ഷിക്കുന്നവരെ ദൈവം ലോകത്തിനുമുമ്പിൽ ഉയർത്തി നിർത്തും... **അവരാണ് വിശുദ്ധാത്മാക്കൾ.**

## Spirituality Centre Programme


**January**

| | |
|---|---|
| 01-06 | Qurbananubhava Dhyanam |
| 05 | Social Animators' Meet |
| 08 | Bible Study Forum |
| 08-09 | Cenacle Gathering (Sodales & Aspirants) |
| 19 | School of Bible |
| 26 | Recollection for Oblates |

**February**

| | |
|---|---|
| 02 | Social Animators' Meet |
| 09 | School of Bible |
| 12 | Bible Study Forum |
| 12-13 | Cenacle Gathering (Sodales & Aspirants) |
| 16 | Recollection for Oblates |

# മാറ്റിനിറുത്തുന്നവനല്ല, മാറ്റുരയ്ക്കുന്നവൻ


ഡോ. തോമസ് പൂവത്താനിക്കുന്നേൽ
മേരി മാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

## മാറ്റിനിറുത്തുന്നവനല്ല, മാറ്റുരയ്ക്കുന്നവനാണ് അവിടുന്ന്

ശ്ലീഹന്മാരെ തെരഞ്ഞെടുക്കുന്ന സംഭവം വി. ലൂക്കാ സുവിശേഷകന്റെ പ്രഘോഷണത്തിൽ നാം കാണുന്നതിപ്രകാരമാണ്: ആ ദിവസങ്ങളിൽ അവൻ പ്രാർഥിക്കാനായി ഒരു മലയിലേക്കു പോയി. അവിടെ ദൈവത്തോടു പ്രാർഥിച്ചുകൊണ്ടു രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യൻമാരെ അടുത്തുവിളിച്ച് അവരിൽനിന്നു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ എന്നു പേരു നൽകി (6,12-13). ഇതിനർത്ഥം ഒരു രാത്രിയല്ല, പല ദിനങ്ങളിൽ പ്രാർത്ഥിച്ച് പിതാവിനോട് ചോദിച്ചറിഞ്ഞ് അവിടുന്ന് ശ്ലീഹന്മാരെ തെരഞ്ഞെടുത്തു എന്നാണ്. അതിനാലാണല്ലോ വി. യോഹന്നാന്റെ സുവിശേഷത്തിൽ (17,12-13) ഈശോ ഇപ്രകാരം അരുൾചെയ്യുന്നത്, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ! ഞാൻ അവരോടുകൂടെയായിരുന്നപ്പോൾ, അങ്ങ് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു; ഞാൻ അവരെ കാത്തുസൂക്ഷിച്ചു. വിശുദ്ധലിഖിതം പൂർത്തിയാകാൻവേണ്ടി നാശത്തിൻെറ പുത്രനല്ലാതെ അവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല, ശ്ലീഹന്മാരെ പിതാവു തന്നെ പുത്രനു ഭരമേൽപിച്ചതാണ്. പ്രസ്തുത സുവിശേഷത്തിൽ നാം വീണ്ടും വായിക്കുന്നു (6,44). എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എൻെറ അടുക്കലേക്കു വരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കും. എങ്കിൽ പിതാവിനാൽ ആകർഷിക്കപ്പെട്ട് അവിടുന്ന് തെരഞ്ഞെടുത്ത് പിതാവുതന്നെ പുത്രനു നൽകിയവരാണ് ശ്ലീഹന്മാർ. അവരുടെയിടയിൽ പിന്നെങ്ങനെ ഒറ്റുകാരനായ യൂദാസ് ഉൾപ്പെട്ടു? ഈ യൂദാസ്തന്നെ ഒറ്റികൊടുക്കുമെന്ന് ഈശോ ആദ്യംമുതലേ അറിഞ്ഞിരുന്നു എന്നും സുവിശേഷം സാക്ഷിക്കുന്നു. എങ്കിൽ എന്തുകൊണ്ട് ശ്ലീഹന്മാരുടെ ഗണത്തിൽനിന്നും അവനെ ആദ്യംതന്നെ ഈശോ മാറ്റിനിറുത്തിയില്ല. തന്റെ ശരീരരക്തങ്ങളായ അപ്പവും വീഞ്ഞും അവന്റെ കരങ്ങളിലേക്കും എന്തുകൊണ്ട് നൽകി? യൂദാസിനെ മാറ്റിനിറുത്തിയിരുന്നെങ്കിൽ, സ്വന്തം ശിഷ്യനാൽ ഒറ്റികൊടുക്കപ്പെട്ടു എന്ന ദുഷ്പേര് ഉണ്ടാകുമായിരുന്നില്ലല്ലോ? നിന്റെ ജനമാണ് നിന്റെ എന്റെ കരങ്ങളിൽ ഏൽപിച്ചുതന്നത് എന്ന കുറ്റപ്പെടുത്തലുണ്ടാകുമായിരുന്നില്ല. ഈശോയെ മരണത്തിന് ഏൽപിച്ചു കൊടുത്തതും അതാഗ്രഹിച്ചതും റോമാക്കാരായിരുന്നില്ല, സ്വന്തജനവും മതനേതാക്കളുമായിരുന്നു. അവിടുത്തോടൊപ്പം അപ്പം പങ്കുവച്ചവരും കാസ പാനം ചെയ്തവരും അവനിൽ നിന്നും സൗഖ്യം പ്രാപിച്ചവരും അവിടുത്തേക്ക് ഓശാന പാടിയവരും അവനെ ക്രൂശിക്കുക എന്ന് ആക്രോശിച്ചു.

## പിഴുതുകളയുന്നവനല്ല, നട്ടുവളർത്തുന്നവനാണ് അവിടുന്ന്

കളകളുടെ ഉപമയിൽ, ആ കൃഷിക്കാരൻ എന്തുകൊണ്ട് കളകളെ ഗോതമ്പ് ചെടികളുടെയിടയിൽനിന്നു പിഴുതുകളയുവാൻ അനുവദിക്കുന്നില്ല? കളകളകറ്റിയിരുന്നെങ്കിൽ, ഗോതമ്പുചെടികൾ കൂടുതൽ ശക്തമായി വളരുകയും കൂടുതൽ ഫലം പുറപ്പെടുവിക്കുകയും കൃഷിക്കാരൻ നൽകിയ വളവും വെള്ളവും പാഴാകാതിരിക്കുകയും ചെയ്യുമായിരുന്നുവല്ലോ? കളകൾ പിഴുതുകളയാതെ തന്റെ വളവും പരിചരണവും പാഴായിപോകാൻ അയാൾ ഇടയാക്കിയത് എന്തുകൊണ്ട്. ലോകദൃഷ്ടിയിൽ വിവേകിയായ ഒരുവനെങ്കിലും ഇപ്രകാരം പ്രവർത്തിക്കുമോ? എന്നാൽ കളകൾ അവസാനം ശേഖരിക്കപ്പെടുകയില്ല; നശിപ്പിക്കപ്പെടുകയേയുള്ളു. എന്നിരുന്നാലും കളകളെയും അവസാനംവരെയും വളരാൻ അനുവദിക്കുന്ന നല്ല തമ്പുരാന്റെ പരിപാലനയ്ക്കുമുമ്പിൽ എന്ത് ചോദ്യമാണ് നാം ചോദിക്കുക? എന്തു ഉത്തരം നാം കണ്ടെത്തും?

## വിധിയല്ല, വീണ്ടെടുപ്പാണ് അവിടുന്ന്

പാപിനിയായ മറിയത്തെ കല്ലെറിയാൻ വേണ്ടി അവിടുത്തെ സന്നിധിയിലേയ്ക്ക് കൊണ്ടുവരുന്ന പ്രമാണിമാരുടെ ചോദ്യത്തിന് അവിടുന്ന് നൽകുന്ന മറുപടി എന്തായിരുന്നു? അവൻ മൗനമായി നിലത്ത് എഴുതിക്കൊണ്ടിരുന്നു, വാഗ്വാദങ്ങളില്ല, വിശദീകരണങ്ങളില്ല. അവരുടെ ആവർത്തിച്ചുള്ള ചോദ്യത്തിന് ഈശോ കൊടുക്കുന്ന ഉത്തരം എന്താണ്? അവളൊരു നിസഹായയല്ലേ പോകട്ടെയെന്ന് പറയുന്നില്ല, നിയമം പാലിക്കേണ്ടതില്ല എന്നും കല്ലെറിയേണ്ട എന്നും പറയുന്നില്ല. അന്നത്തെ നിയമവും നിഷ്ഠയും ലംഘിക്കുന്നുമില്ല. പക്ഷേ അവിടുന്ന് ഒന്നു ചെയ്തു, കല്ലെറിയാൻ വന്നവരെ ഒരു കൊലപാതകത്തിൽ നിന്നും കല്ലെറിയപ്പെടേണ്ടവളെ മരണത്തിൽനിന്നും ഒപ്പം പാപത്തിലൂടെ വന്ന ആത്മാവിന്റെ ജീവൻ നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നും രക്ഷിച്ചു. അവിടുന്ന് വിധിക്കാൻ വന്നവനല്ല, രക്ഷിക്കാൻ വന്നവനാണ്. പാപിനിയോട്, ചെയ്തത് തെറ്റല്ലന്നോ, അതു കാര്യമാക്കേണ്ടതില്ലന്നോ പറയുന്നില്ല. ഈശോ നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലേ? അവൾ പറഞ്ഞു:

ഇല്ല, കർത്താവേ! ഈശോ പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ 8,11). അവൾ പാപിനിയാണെന്നും പാപവഴിയുപേക്ഷിക്കണമെന്നും അവിടുന്ന് ഈ വാക്കുകളിലൂടെ വ്യക്തമാക്കി. അവിടുത്തെ നിശബ്ദതയും വാക്കുകളും ലോകം പ്രതീക്ഷിച്ചതല്ല. അവരുടെ ആവശ്യമല്ല, തന്റെ ദൗത്യ നിർവ്വഹണം പ്രതിബന്ധങ്ങളുടെയിടയിലും പൂർത്തീകരിക്കുകയാണ് ഈശോ. സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവാനായിരിക്കുന്നതുപോലെ കരുണയുള്ളവനായി അവിടുന്ന് പ്രവർത്തിക്കുന്നു. കായേനെ അവിടുന്നു ശിക്ഷിക്കുമ്പോഴും അവനിൽ മുദ്ര പതിപ്പിച്ച് അവനെ സംരക്ഷിക്കുന്നതു നാം കാണുന്നു. വിധിയല്ല, വീണ്ടെടുപ്പാണ് അവിടുന്ന്, ലോകത്താൽ തെറ്റന്ന് വിധിക്കപ്പെട്ടതാണ് അവിടുത്തെ വഴികൾ. ലൂക്കാ 7,36–50 ൽ വിവരിക്കുന്ന പാപിനിയുടെ മോചനത്തിലും അവിടുന്ന് പ്രമാണിമാരുടെ വിധിയെഴുത്തിനു വിപരീതമായി പ്രവർത്തിച്ച്, പാപിനിയെ വീണ്ടെടുക്കുന്നു. തന്റെ മൗനത്താൽ ഇരുകൂട്ടരും തങ്ങളുടെ ഉള്ളിലേക്ക് പ്രവേശിക്കുവാൻ ഇടയാക്കി, അവരെ അവിടുന്ന് വീണ്ടടുത്തു. വീണ്ടെടുപ്പ് സ്വയാവബോധത്തിൽ ആരംഭിക്കുന്നു. ദൈവികസാദൃശ്യത്തിലായിരുന്ന ആദിമാതാപിതാക്കന്മാർ അതു മനസ്സിലാക്കാതെ പിശാചിന്റെ പ്രേരണക്ക് വഴങ്ങി ദൈവികരാകാൻ ശ്രമിച്ചപ്പോൾ അവരിലെ ദൈവികജീവനെ കാണാതെപോയി, അവരിലെ ദൈവികസാദൃശ്യത്തെ അവഗണിച്ചു. അവരെ വീണ്ടെടുക്കാനെത്തിയ കർത്താവ് അവരോട് ചോദിക്കുന്നത് അവർ എവിടെയാണ് എന്ന ചോദ്യമാണ്. വീണ്ടെടുക്കപ്പെട്ട -ശിക്ഷിക്കപ്പെട്ടവളല്ല- പാപിനിയാണ് ശ്ലീഹന്മാർ ഓടിയൊളിച്ചപ്പോഴും കുരിശിൻ ചുവട്ടിലെത്തുന്നത്, അവിടുത്തെ സംസ്കരിക്കാൻ സഹായിക്കുന്നത്, അവിടുത്തെ ഉത്ഥാനത്തിത്തിന്റെ സദ്വാർത്ത ശ്ലീഹന്മാരെ പോലും അറിയിക്കുന്നത്.

**മൗനം വാചാലം**

ഈശോ മൗനം ഭജിച്ചു. പീലാത്തോസിന്റെ മുമ്പിൽ നിർത്തപ്പെട്ടപ്പോൾ ചോദിച്ച ചോദ്യങ്ങൾക്ക് ന്യായീകരണങ്ങൾ കൊടുക്കുവാൻ ഉണ്ടായിരുന്നിട്ടും അവിടുന്ന് ഒന്നും ഉരിയാടിയില്ല. പന്ത്രണ്ടിലധികം വ്യൂഹം മാലാകാമാരുടെ സംരക്ഷണം ലഭിക്കാമായിരുന്നിട്ടും അവിടുന്നത് ആവശ്യപ്പെടുന്നില്ല.. തനിക്കുവേണ്ടി വാൾ എടുത്ത പത്രോസിനോടും വാൾ അതിന്റെ ഉറയിലിടാനാണവിടുന്ന് ആവശ്യപ്പെടുന്നത്. അവിടുത്തേക്കുവേണ്ടി ആരും പടപൊരുതേണ്ടതില്ല, തൻെറ സഹനത്തെ കണ്ട് കരഞ്ഞ ജറൂസലേം സ്ത്രീകളോടും അവിടുന്ന് പറഞ്ഞു, നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത് കരയുവിൻ. കർത്താവ് സ്വയം ന്യായീകരിച്ചില്ല, ന്യായീകരിക്കാൻ ആരേയും നിയോഗിക്കുന്നുമില്ല. അവിടുന്ന് മൗനമായി പിതൃഹിതത്തിന് സ്വയംവിട്ട് കൊടുത്തു. അതെ, മിശിഹായുടെ തുടർച്ചയായ സഭയ്ക്കും ഇപ്രകാരംമാത്രമേ ലോകത്തിന്റെ മുമ്പിൽ നിൽക്കാൻ കഴിയൂ. വിധിക്കപ്പെടുവാനും അറക്കപ്പെടുവാനും കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ മൗനമായിനിന്ന കർത്താവിന്റെ ശിഷ്യസമൂഹവും മിശിഹായുടെ മൗതികശരീരമായ സഭയും ഇപ്രകാരം അറക്കപ്പെടുമ്പോഴും മുറിക്കപ്പെടുമ്പോഴും മൗനമായി നിൽക്കുമെന്നതിന് സംശയമില്ല. ഇതാണ് സഭ. കർത്താവിന്റെ തുടർച്ചയാണ് സഭയെങ്കിൽ സഭയിൽ വിശുദ്ധരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്ന പാപികളും ഉണ്ടാവും, ഉണ്ടാവണം, കാരണം അവിടുന്ന് പറയുന്നു, ഞാൻ വന്നത് നീതിമാൻമാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ് (മത്തായി 9,13).

മിശിഹായുടെ തുടർച്ചയായ സഭയ്ക്ക് അതിന്റെ അസ്തിത്വത്താൽ തന്നെ പാപികളെയും രോഗികളെയും തിരസ്കരിക്കപ്പെട്ടവരെയും തന്റെ മാറോട് ചേത്തു പിടിക്കാതിരിക്കനാവില്ല. സഭയെ ഫ്രാൻസിസ് മാർപാപ്പ യുദ്ധക്കളത്തിലെ ആതുരാലയം എന്ന് വിശേഷിപ്പിച്ചു.



എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിൻമയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. തിന്മയുടെ ദിനത്തിൽ ചെറുത്തുനിൽക്കാനും എല്ലാ കർത്തവ്യങ്ങളും നിറവേറ്റിക്കൊണ്ട് പിടിച്ചുനിൽക്കാനും അങ്ങനെ നിങ്ങൾക്കു സാധിക്കും (എഫേ 6,12-13). ഈ ലോകം തിന്മയിലേക്ക് നീങ്ങുമ്പോൾ, തിന്മകളോട് പടവെട്ടുമ്പോൾ ഈ യുദ്ധത്തിൽ മുറിവേൽക്കുന്ന പാപികളെ മാറോട് ചേർത്തു പിടിക്കാതിരിക്കാൻ സഭയ്ക്ക് കഴിയുകയില്ല. അങ്ങനെ ചേർക്കുന്നില്ലെങ്കിൽ പാപികളെ അന്വേഷിച്ചുവന്ന മിശിഹായുടെ തുടർച്ചയാണ് സഭയെന്ന് പറയുവാൻ കഴിയില്ല. സഭയുടെ അസ്തിത്വത്തിന് അർത്ഥം നഷ്ടമാകുമെന്നുമാത്രമല്ല, സഭയ്ക്ക് ഈ ലോകത്തിൽ യാതൊരു പ്രസക്തിയും ഉണ്ടായിരിക്കില്ല.

ലോകത്തിൽ എവിടെയെങ്കിലും ഒരു പാപിയുണ്ടങ്കിൽ അവർക്ക് സഭയുടെ മടിത്തട്ടിലേക്ക് വരാൻ അവകാശമുണ്ട്. കാരണം രോഗിക്കാണ് ആതുരാലയം, പാപിക്കാണ് വിശുദ്ധീകരണ വേദി. പാപികൾക്ക് പാപവിശുദ്ധീകരണത്തിനുള്ള മാർഗ്ഗം സഭയിൽ അവിടുന്ന് നൽകിയിട്ടുണ്ട്. രോഗി ആശുപത്രി തേടുന്നത് എന്നും രോഗിയായി അവിടെ കഴിയാനല്ല, രോഗസൗഖ്യത്തിനാണ്. പാപമാകുന്ന ആത്മീയരോഗത്തിൽ നിന്ന് സൗഖ്യം നൽകാൻ സഭയ്ക്ക് കഴിയും എന്നതിനാലാണ് അനുരഞ്ജനകൂദാശ അവിടുന്ന് സ്ഥാപിച്ചത്. അതിനാൽ, ഇപ്രകാരമുള്ള പാപികളെ ചേത്തുപിടിച്ച് ശുശ്രൂഷിക്കാൻ സഭയ്ക്ക് കഴിയണം. സഭ അവരെ തള്ളിക്കളയില്ല, അവർ ആയിരിക്കുംവിധം അവരെ സ്ഥീരീകരിക്കും. മക്കൾ അഴുക്കിൽ കിടക്കുമ്പോൾ ജലപീരങ്കികളുപയോഗിച്ച് ശുദ്ധിചെയ്ത ശേഷമല്ല മാതാപിതാക്കന്മാർ അവരെ എടുക്കുന്നത്, ധൂർത്തപുത്രനെ സ്വീകരിച്ചശേഷമാണ് പുതുവസ്ത്രവും ചെരുപ്പും നൽകി വിരുന്നിലേക്ക് ആനയിക്കുന്നത്. പന്നിക്കൂട്ടിലെ ദുർഗന്ധം ആ പിതാവ് സ്വശരീരത്തിലും ഏറ്റെടുക്കേണ്ടിവന്നു. അതുകണ്ട് കുറ്റപ്പെടുത്തി മാറിനിന്ന മൂത്തപുത്രന്റെ അടുക്കൽ സാന്ത്വനവുമായി ചെല്ലുന്ന സ്നേഹപിതാവിനെ നാം കാണുന്നു.

അഴുക്കു നിറഞ്ഞവരെങ്കിലും അടുത്തുവരുന്നവരെ, പാപികളെങ്കിലും പുത്രരായവരെ ആശ്ലേഷിച്ചു സ്വീകരിക്കാൻ മടികാട്ടാത്ത സഭാമാതാവിനെ കണ്ടിട്ട് മാറിനിന്ന് കുറ്റപ്പെടുത്തുന്ന പുത്രന്മാർ ഇന്നും ഉണ്ടാകുമെന്നതിന് സംശയമില്ല. കർത്താവ് പാപിനിയോട് ചെയ്തത് ഈ കാലഘട്ടത്തിലായിരുന്നെങ്കിൽ, സാമൂഹ്യനീതിയും രാഷ്ട്രീയനിയമവും ലംഘിച്ചുവെന്ന് വിധിയെഴുതി വിചാരണചെയ്യുന്ന മാധ്യമപ്രവർത്തകരും നവീകരണ പ്രസ്ഥാനക്കാരും കടലാസ് സംഘടനകളും ഏറെയുണ്ടാകുമായിരുന്നു. കർത്താവ് ചെയ്തതല്ലാതെ മറ്റൊന്നും ചെയ്യുവാൻ സഭയ്ക്ക് കഴിയില്ല. അതുവഴി സഭയെയും പാപിനിയെന്ന് വിധിയെഴുതി മാറ്റിനിർത്താനും അവളുടെമേൽ കുറ്റാരോപണങ്ങൾ നിരത്താനും എന്നും തിന്മയുടെ ശക്തികൾ ഉണ്ടായിരിക്കും. ഈ ശത്രുക്കളെ ഭയന്ന് സഭയ്ക്ക് സഭയല്ലാതിരിക്കാൻ ആവില്ല. പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിതനെന്ന് മറ്റുള്ളവർ തന്നെ വിളിച്ചപ്പോഴും കർത്താവ് അതിന്റെ പേരിൽ ആരെയും തന്റെ സ്നേഹവലയത്തിൽനിന്ന് അകറ്റിയിട്ടില്ല. വിരുന്നിനിടയിൽ പരസ്യമായി തന്റെ പാദങ്ങൾ കഴുകാൻ പാപിനിക്ക് അനുവാദം കൊടുത്തവനാണവിടുന്ന്. തെറ്റിധാരണകളുടെയോ വിമർശങ്ങളുടെയോ ഭയത്താൽ പാപിനിയെ ഉപേക്ഷിച്ചില്ല. ശിഷ്യന്മാർ എന്ത് വിചാരിക്കുമെന്ന് ചിന്തിച്ച് സമറിയാക്കാരി സ്ത്രീയോട് സംസാരിക്കാൻ കർത്താവ് മടികാട്ടിയില്ല. അവളെയും ചേർത്തുപിടിച്ചു. അതെ, ലോകത്തിന്റെ മുമ്പിൽ സഭയും കർത്താവിന്റെ സുവിശേഷവും ഇടർച്ചയും തടങ്കൽ പാറയുമായിരിക്കും. പരിശോധിച്ച് നോക്കിയാലിതു നമുക്ക് ചരിത്രസത്യമായി തെളിഞ്ഞുകാണാം.

# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഈശോമിശിഹായുടെ മാമ്മോദീസായും അതേത്തുടർന്നുള്ള പരസ്യജീവിതവും അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ ദനഹാക്കാലം. ബേത്‌ലെഹേമിൽ ദൈവപുത്രനായ മിശിഹാ മനുഷ്യനായി പിറന്നെങ്കിലും അവിടുന്ന് ലോകത്തിനു പ്രത്യക്ഷനായത് മാമ്മോദീസായിലൂടെയാണ്. പിതാവായ ദൈവം തന്റെ പുത്രനെ ലോകത്തിനു വെളിപ്പെടുത്തിയതും മാമ്മോദീസായിലൂടെയാണ്. അതുകൊണ്ട് നമ്മുടെ മാമ്മോദീസായുടെ പ്രാധാന്യം അനുസ്മരിക്കേണ്ട ഒരു കാലഘട്ടമാണ് ദനഹാക്കാലം. മാമ്മാദീസായിലൂടെ ഈശോ ലോകത്തിന്റെ പ്രകാശമായി കടന്നുവന്നതുപോലെ മാമ്മോദീസായിലൂടെ നാമും പ്രകാശിതരായിത്തീരുകയും ലോകത്തിന്റെ പ്രകാശമായിത്തീരുവാൻ ദൈവത്താൽ നിയോഗിക്കപ്പെടുകയും ചെയ്തു. അപ്രകാരം ലോകത്തിന്റെ പ്രകാശമായിത്തീരാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരെല്ലാവരും എന്ന ബോദ്ധ്യമുൾക്കൊള്ളുവാൻ, ഈ ദനഹാക്കാലം സഭാംഗങ്ങൾക്കെല്ലാവർക്കും അവസരമൊരുക്കട്ടെ. അതോടൊപ്പം ഈശോയുടെ പരസ്യജീവിതം ധ്യാനവിഷയമാക്കി, അവിടുത്തെ ജീവിതത്തിന്റെ സവിശേഷതകൾ സ്വാംശീകരിച്ച് ലോകത്തിന്റെ പ്രകാശങ്ങളായിത്തീരുവാൻ നമ്മെയും നമ്മുടെ അജഗണങ്ങളെയും ദൈവം ധാരാളമായി അനുഗ്രഹിക്കുകയും ചെയ്യട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

2018 നവംബർ 27-28 തീയതികളിൽ റോമിൽ വച്ചു നടന്ന അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി, ജനറൽ മേജർ ഫാദർ, ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ നവംബർ 25-ാം തീയതി റോമിലേക്കു പോയി. ജനറൽ കൗൺസിലേഴ്സിൽ രണ്ടു പേർ അമേരിക്കയിൽനിന്നും രണ്ടു പേർ മാൾട്ടായിൽനിന്നുമുള്ളവരാണ്. ഒരാൾ ഇറ്റലിയിൽനിന്നുള്ള ഡോൺ മാരിയോ ആണ്. അദ്ദേഹമാണ് റോമിലുള്ള ജനറലേറ്റിൽവച്ച് ഈ മീറ്റിംഗ് നടത്തുവാനുള്ള സജ്ജീകരണങ്ങളെല്ലാം ക്രമീകരിച്ചത്. ജനറൽ കൗൺസിൽ മീറ്റിംഗിനെത്തുടർന്ന് നവംബർ 29-30 തീയതികളിൽ, അപ്പസ്തോലിക് ഒബ്ലേറ്റ്സ് ജനറലേറ്റിൽവച്ചു നടന്ന മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ഫെഡറേഷൻ മീറ്റിംഗിലും സംബന്ധിക്കുകയുണ്ടായി. ഫെഡറേഷൻ മീറ്റിംഗിൽ, "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ഉദ്ബോധനത്തെപ്പറ്റി സ്ഥാപകപിതാവിന്റെ കാരിസത്തിന്റെ വെളിച്ചത്തിൽ ഒരു പ്രബന്ധമവതരിപ്പിച്ച് ചർച്ചയ്ക്കു വിഷയമാക്കി. മീറ്റിംഗുകളെല്ലാം കഴിഞ്ഞ് ഡിസംബർ 6-ാം തീയതി ബഹു. മല്പാനച്ചൻ ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ഉണരുക!
# നീ നിക്ഷേപത്തിന്റെ കലവറയാണ്



**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**"അവൻ പരിശുദ്ധാത്മാവിനെക്കൊണ്ടും അഗ്നികൊണ്ടും നിങ്ങൾക്ക് മാമ്മോദീസാ നല്കും" (ലൂക്കാ 3,16)**

**അ**മ്മ വീടു മുഴുവൻ വൃത്തിയാക്കുകയാണ്. കുറുമ്പു പറഞ്ഞും കുസൃതി കാട്ടിയും ലിയാമോളും അമ്മയ്ക്കൊപ്പം കൂടി. അലമാര അടുക്കുന്നതിനിടെ മനോഹരമായ ഒരു ആൽബം ലിയാമോളുടെ കണ്ണിൽപ്പെട്ടു. ആകാംക്ഷയോടെ അവൾ അതു മറിച്ചുനോക്കി. മഞ്ഞുപോലെ വെണ്മയുള്ള കുഞ്ഞുടുപ്പും കയ്യിൽ കത്തിച്ച തിരിയും ശിരസ്സിൽ മനോഹരമായ കിരീടവുമായി ഒരു കുഞ്ഞിന്റെ ചിത്രം! അത്ഭുതമൂറുന്ന കണ്ണുകൾ അമ്മയുടെ നേരെ തിരിച്ച് അവൾ ചോദിച്ചു: "ഇതു ഞാനല്ലേ?" "അതെ, മോളുടെ മാമ്മോദീസായുടെ ആൽബമാ ഇത്".

"ഈ ഉടുപ്പൊക്കെ ആരാണമ്മേ മേടിച്ചത്?"

"ഇതെല്ലാം മോൾക്കു തന്നത് ഈശോയാണ്... ഈശോയുടെ സ്വന്തമാക്കി അവിടുന്നു പറയുന്നതുപോലെമാത്രം ജീവിക്കാനും ഈശോയെക്കുറിച്ച് എല്ലാവരോടും പറയാനും..."

പ്രാർത്ഥനാമുറിയിലിരിക്കുന്ന ഈശോയുടെ തിരുഹൃദയരൂപം നോക്കി, താൻ ആദ്യം പഠിച്ച സുകൃതജപം ലിയാമോൾ ഉറക്കെ പ്രാർത്ഥിച്ചു: "ഈശോയെ നന്ദി; ഈശോയെ സ്തുതി"!


ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ മായാത്ത മുദ്ര നമ്മിൽ പതിപ്പിക്കുകയും ആ പരിശുദ്ധ സ്നേഹത്തിന്റെ സാക്ഷികളാകാൻ നമ്മെ നിയോഗിക്കുകയും ചെയ്ത മാമ്മോദീസായെന്ന പരിശുദ്ധ കൂദാശയെ നന്ദിയോടെ ധ്യാനിക്കേണ്ട സമയമാണ് ദനഹാക്കാലം. വി. അപ്രേമിന്റെ വാക്കുകൾ ശ്രദ്ധാർഹമാണ്: "ഹൃദയനയനംകൊണ്ട് മാമ്മോദീസാ കാണുക എത്ര മനോഹരമാണ്! നാം എത്രമാത്രം ബഹുമാനിതരായെന്ന് പരിഗണിക്കുകയും തിരിച്ചറിയുകയും ചെയ്യുക. ഈശോ തന്റെ ദൈവികശക്തി ജലത്തിൽ കലർത്തി! മഹത്ത്വത്തിന്റെ വസ്ത്രം നമ്മെ ധരിപ്പിച്ചു. ശരീരത്തോടൊപ്പം നമ്മുടെ ആത്മാവും കഴുകപ്പെടുന്നു. ശരീരം ദൃശ്യജലം സ്വീകരിക്കുന്നു. ആത്മാവ് അദൃശ്യശക്തിയും. നിങ്ങൾ ആത്മാവിന്റെ മക്കളായിത്തീർന്നു; മിശിഹാ നിങ്ങൾക്ക് ശിരസ്സും നിങ്ങൾ അവന്റെ അവയവങ്ങളുമായി" (സ്നാനഗീതങ്ങൾ 9).

പ്രകാശമായ മിശിഹായെ ധരിച്ച നമ്മുടെ ഹൃദയങ്ങളിൽനിന്ന് അന്ധകാരത്തിന്റെ പ്രവൃത്തികൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. സ്വർഗ്ഗത്തിലെത്താനും വിജയകിരീടം ചൂടാനുമായി പോരാട്ടത്തിനുള്ള കിരീടം നമ്മുടെ ശിരസ്സിൽ അവിടുന്ന് ചൂടിച്ചു. നമ്മുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവ് മഹത്ത്വപ്പെടേണ്ടതിന്, സത്കർമ്മങ്ങളാകുന്ന കത്തിച്ച തിരി നമ്മുടെ ഉടമസ്ഥതയിൽ ഏല്പിച്ചു. സർവ്വമഹത്ത്വത്തിന്റെയും കലവറ സ്വന്തമായിരിക്കെ അതിന്റെ ഔന്നത്യത്തെ തമസ്ക്കരിക്കുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ഏറ്റവും വലിയ അധഃപതനം. ഇതിനെ വി. അപ്രേം വിവരിക്കുന്നതിപ്രകാരമാണ്: "തിരിച്ചറിവോടുകൂടി സ്വീകരിക്കുന്ന മാമ്മോദീസാ രണ്ട് പ്രകാശങ്ങളുടെ കൂടിച്ചേരലാണ്. അതിന്റെ കിരണങ്ങളുടെ ഉറവ സമൃദ്ധമാണ്. അത് മനുഷ്യമനസ്സിന്മേലുള്ള അന്ധകാരം കീറിമുറിക്കുന്നു. ആത്മാവിന് അതിന്റെ ശോഭയാൽ അഭിഷിക്തനായ മിശിഹായെ തെളിവായി കാണാൻ കഴിയുന്നു. തിരിച്ചറിവില്ലാതെ സ്വീകരിക്കുന്ന മാമ്മോദീസാ, സർവ്വ മഹത്ത്വത്തിന്റെയും നിറവാണെങ്കിലും അത് സ്വീകരിക്കുന്നവന് ശൂന്യമായ കലവറയാണ്. കാരണം അത് സ്വീകരിക്കുന്നവൻ ദരിദ്രനായി കഴിയുന്നു. താൻ കടന്നു വാസമുറപ്പിച്ചിരിക്കുന്ന ഭണ്ഡാരം എത്ര വലുതാണെന്ന് അവനറിയില്ല. മാമ്മോദീസായിൽ ഒരു വലിയ ദാനം നിക്ഷിപ്തമാണ്. അതോടൊപ്പം താൻ അതിന്റെ മഹനീയത എത്ര മാത്രം നേടി എന്നത് ദരിദ്രർ ഗ്രഹിക്കുന്നില്ല" (സ്നാനഗീതങ്ങൾ, 9,9-10).

അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് ദൈവകൃപയുടെയും കാരുണ്യത്തിന്റെയും ദാനമായി നമുക്ക് ലഭിച്ച ക്രൈസ്തവജീവിതമാകുന്ന നിക്ഷേപത്തിലേക്ക് നമ്മുടെ ഹൃദയത്തെ തിരിക്കാം. അവിടുന്ന് നല്കിയ വിലതീരാത്ത ദാനത്തെപ്രതി ആനന്ദവും ആത്മാഭിമാനവും ഉള്ളിൽ നിറച്ച് കർമ്മനിരതരാകുവാൻ ദനഹാക്കാലം നമ്മെ ക്ഷണിക്കുകയാണ്. ഇവിടെ മരുഭൂമി അനുഭവങ്ങൾ അനിവാര്യമായി വരും. ആത്മാവിനെ മലിനമാക്കുന്ന പഴയ മനുഷ്യൻ നമ്മിൽ ഉണരാൻ ഇടയാകും. ജീവിതത്തിന്റെ നേർക്കാഴ്ചകളിൽ തെളിയുന്ന 'കുരിശ്' നമ്മെ ഭയപ്പെടുത്തും... മിശിഹായും അവിടുത്തെ പ്രകാശത്തിൽ തങ്ങളുടെ പാദങ്ങൾ മുമ്പോട്ടുവച്ച വിശുദ്ധരുടെ ദൃഷ്ടാന്തങ്ങളും ചാലകശക്തിയായി നമ്മെ വലയംചെയ്യുന്നുണ്ട്. ഇതിലാണ് നാം രൂപാന്തരപ്പെടുന്നതും ഈശോയുടെ പരസ്യജീവിതത്തിന്റെ ഫലങ്ങൾ നമുക്കുചുറ്റും അനുഭവവേദ്യമാകുന്നതും.

ഹൃദയപരമാർത്ഥതയോടെ നമുക്ക് പ്രാർത്ഥിക്കാം: "സമസ്തവും സംശുദ്ധതയിൽ ചെയ്യുവാനും നീണ്ട ജാഗരണം, നിരവധി ഉപവാസം, ദിവസം മുഴുവനുമുള്ള പ്രാർത്ഥന, ജീവിതകാലം മുഴുവനുമുള്ള അനുതാപാർച്ചന ഇവവഴി വിജയകിരീടം ചൂടുവാനും ചുറ്റുമുള്ളവരെ പ്രകാശിപ്പിക്കുന്നവനാനുമായി എന്നെ അങ്ങയുടെ പ്രേഷിതനാക്കിയാലും! എല്ലാ സഹായങ്ങളും വിട്ടുപോകാൻ ഇടയാക്കുന്ന അലസതയും ഗർവിലേക്ക് നയിക്കുന്ന അഹന്തയും ക്രോധത്തിൽ എത്തിക്കുന്ന വിക്ഷോഭവും സർവ്വനാശത്തിന്റെയും ഇരിപ്പിടമായ അസൂയയും എന്റെ ആത്മാവിനെ സ്പർശിക്കാതിരിക്കാൻ അവിടുന്ന് എന്റെ ഹൃദയവാതിലിൽ കാവലാളാകണമേ! സ്ഥിരോത്സാഹമാകുന്ന അമ്പ് ആവനാഴികയിൽനിന്നും കുറയാതിരിക്കാൻ ഉണർന്നവിന്റെ ഉദയരശ്മികൾ എന്റെ ജീവന്റെമേൽ പതിക്കേണമേ" (മാർ അപ്രേം, ജൂലിയാനോ സാബാ, ഗീതം 2)





# ദൈവസ്നേഹാഭിഷേകം

ഒരു നിമിഷം ഞാനറിയട്ടെ നാഥാ നിൻ
ഒരിക്കലും മറക്കാത്ത നനവൂറും സ്നേഹത്തെ
മധുകണം തോല്ക്കുന്ന മധുരമാണെന്ന്
ഞാനറിയട്ടെ, അലിയട്ടെ, ആമഗ്നയാകട്ടെ
നിരഭേദമില്ലാത്ത നിറവാർന്ന സ്നേഹമേ
നീ തന്നെയാണെന്റെ ആശാനികേതവും
കറകളകറ്റി ഞാനിന്നു നിൻ ചാരത്തായ്
അണയുന്നു ആത്മാഭിഷേകം നീയേകണേ
മായാവിലാസങ്ങളെന്നെ വലയ്ക്കുമ്പോൾ
മാറാത്ത സ്നേഹിതനായ് നിന്നീടണം
മാഞ്ഞു മറയുമീ മണ്ണിന്റെ മോഹങ്ങൾ
എന്നെ തകർക്കാതെ എന്നും കരുതണേ
എന്നിലെ 'എന്നെ' ഞാൻ നിന്നിൽ തരുന്നിതാ
നിന്നിഷ്ടം പോലെന്നെ വാർത്തെടുത്തീടുക
എന്നെ തകർക്കുന്ന മോഹക്കിനാവുകൾ
ചേക്കേറുവാനിടം എന്നിലുണ്ടാകാതെ
നീയാൽ നിറയണം വചനം നിറയണം
കൃപതന്നലങ്കാരം കവചമായ് നല്കണം
ദൈവഭയമതും സോദരസ്നേഹവും
എന്നെ നയിക്കട്ടെ, എൻ സ്വന്തമാകട്ടെ
എന്നുമാ സ്നേഹത്തിലൊന്നായ് തീരണം
എന്നേശു നാഥന്റെ മാത്രമായ് മേവണം

**അനിത ആത്രശ്ശേരിയിൽ**






# അനുവദിക്കപ്പെട്ടതെല്ലാം സ്വീകാര്യമോ?

റവ. ഫാ. ജോബി ജോസ് വയലിൽ
കല്യാൺ രൂപത



**"നി**യമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്" (മത്താ 5,17). നിയമം! അത് മനുഷ്യനായ നമ്മെ ഏറെ ചിന്തിപ്പിക്കുന്ന ഒരു വസ്തുത ആണ്. നിയമം ചില കാര്യങ്ങൾ അനവദിക്കുന്നു, ചില കാര്യങ്ങളിൽ നിയന്ത്രണം വരുത്തുന്നു. ഈശോയുടെ മലയിലെ പ്രസംഗം പരിശോധിക്കുമ്പോൾ ഇപ്രകാരം പറയുന്നതായി കാണുന്നു: "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന് പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ദുഷ്ടനെ എതിർക്കരുത്. വലത്തുകരണത്തടിക്കുന്നവന് മറ്റേ കരണംകൂടി കാണിച്ചുകൊടുക്കുക". അപ്പോൾ മിശിഹാ നിയമം മാറ്റിയെഴുതുകയാണോ? അല്ല! മറിച്ച് അത് പൂർത്തീകരിക്കുകയാണ്. പഴയനിയമം പുതിയനിയമത്തിൽ മിശിഹായിലൂടെ പൂർത്തീകരിക്കപ്പെടുന്നു.

ഈയിടെ നമ്മുടെ രാജ്യത്തെ പിടിച്ചുകുലുക്കിയ നാല് സുപ്രധാന കോടതി വിധികൾ വരികയുണ്ടായി. ഏകദേശം മൂന്ന് മാസങ്ങൾക്കു മുമ്പ് ദയാവധം നിയമാനുസൃതമാക്കി. പിന്നീട് ഒരു നിയമം വന്നു - പരസ്പര സമ്മതത്തോടുകൂടിയുള്ള ലൈംഗികബന്ധം തെറ്റല്ല. അതോടൊപ്പംതന്നെ സ്വവർഗരതി ക്രിമിനൽ കുറ്റമല്ല എന്ന് കോടതി വിധിച്ചു. അവസാനം നമ്മുടെ കേരളത്തെ പിടിച്ചുകുലുക്കിയ ശബരിമല സ്ത്രീപ്രവേശന വിധിയും വന്നു.

വി. പൗലോസ്ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "എല്ലാം അനുവദനീയമാണ്, എന്നാൽ എല്ലാം സ്വീകാര്യമല്ല". ഈ നിയമങ്ങളെല്ലാം പലതും അനുവദിക്കുന്നുണ്ടെങ്കിലും ക്രിസ്ത്യാനി എന്ന നിലയിൽ നമുക്ക് പലതും സ്വീകാര്യമല്ല. ജീവൻ ദൈവത്തിന്റെ ദാനമാണ്. അതെടുക്കാൻ ആർക്കും അനുവാദമില്ല.

രണ്ടാമത്തെ നിയമം പരസ്പര സമ്മതത്തോടുകൂടിയുള്ള ലൈംഗികബന്ധം തെറ്റല്ല. ഒരു സമൂഹത്തിന്റെ, സഭയുടെ ഏറ്റവും ചെറിയ ഘടകം കുടുംബമാണ്. നല്ല കുടുംബങ്ങൾ നല്ല വ്യക്തികളെയും നല്ല സമൂഹത്തെയും വാർത്തെടുക്കുന്നു. ഈ നിയമം കുടുംബജീവിതത്തെ ദോഷകരമായി ബാധിക്കും. കുടുംബജീവിതത്തിന്റെ അടിസ്ഥാനം പരസ്പര വിശ്വസ്തത ആണ്. അത് നഷ്ടമായാൽ കുടുംബബന്ധങ്ങൾ താറുമാറാകും. ഒരാളുടെ കുടുംബബന്ധത്തിലേക്ക് മറ്റൊരു സ്ത്രീയോ പുരുഷനോ കടന്നുവന്നാൽ, അത് എത്ര മറച്ചുവച്ചാലും അവരുടെ കുടുംബജീവിതത്തെ ദോഷകരമായി ബാധിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. അതുകൊണ്ട് നമുക്ക് കുടുംബബന്ധങ്ങളെ വിശ്വസ്തതയിൽ പടുത്തുയർത്താം. കുടുംബത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പഠനങ്ങൾ നമുക്ക് മുറുകെപ്പിടിക്കാം. മൂല്യങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്താതെ നമുക്ക് കാത്തുസൂക്ഷിക്കാം.

മൂന്നാമത്തെ നിയമമാണ് സ്വവർഗരതിയെ ക്രിമിനൽ കുറ്റമല്ലാതാക്കൽ. എന്തുകൊണ്ടാണ് കത്തോലിക്കാസഭ സ്വവർഗരതിയെ എതിർക്കുന്നത്? ഒന്നാമതായി ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്ത്രീയും പുരുഷനുമായിട്ടാണ്. അതുകൊണ്ടുതന്നെ രണ്ടു പുരുഷന്മാർ തമ്മിലോ രണ്ട് സ്ത്രീകൾ തമ്മിലോ ഉള്ള ബന്ധത്തെ കത്തോലിക്കരായ നമുക്ക് ന്യായീകരിക്കാനാവില്ല. ദൈവം ആദിയിൽ രണ്ട് ആദത്തെ അല്ലല്ലോ സൃഷ്ടിച്ചത്, ആദത്തെയും ഹവ്വായെയും അല്ലേ? അതുപോലെതന്നെ ഓരോ ലൈംഗികബന്ധവും ജീവനിലേക്കുള്ള തുറവി ആയിരിക്കണം എന്ന് സഭ പഠിപ്പിക്കുന്നു. സ്വവർഗരതിയിൽ ജീവനിലേക്കുള്ള തുറവ് ഇല്ല എന്നതും നമ്മൾ ഓർക്കുന്നത് നല്ലതാണ്. അതുകൊണ്ടുതന്നെയാണല്ലോ ഗർഭനിരോധന മാർഗങ്ങൾ സഭ അനുവദിക്കാത്തത്. കാരണം ഗർഭനിരോധന മാർഗ്ഗങ്ങളിലൂടെ ജീവനിലേക്കുള്ള തുറവി നഷ്ടപ്പെടുന്നു. അതുകൊണ്ട് സ്വവർഗരതി നമുക്ക് സ്വീകാര്യമല്ല. എന്നാൽ ഇത്തരത്തിലുള്ള സ്വഭാവമുള്ളവരെ സമൂഹത്തിൽ ഒറ്റപ്പെടുത്താതെ അവരെ മിശിഹായുടെ സ്നേഹത്തിലൂടെ സഭയിലേക്ക്, വിശുദ്ധിയിലേക്ക് ആനയിക്കണമെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് നമുക്ക് സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിരിക്കാം.

അവസാനത്തെ നിയമം ശബരിമലയിലെ സ്ത്രീപ്രവേശനമാണ്. വിശ്വാസവും യുക്തിയും നമ്മൾ ഒരുമിച്ച് കൊണ്ടുപോകണം. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ 'വിശ്വാസവും യുക്തിയും' എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: ഒരു പക്ഷിയുടെ രണ്ട് ചിറകുകൾപോലെയാണ് വിശ്വാസവും യുക്തിയും. ഒന്നിനെ കൂടാതെ ഒന്നിന് നിലനിൽപ്പില്ല. അമിതമായി വിശ്വാസത്തിനു പ്രാധാന്യം കൊടുക്കുന്നവർ തെറ്റിൽ വീഴാം, അമിതമായ യുക്തിക്ക് പ്രാധാന്യം കൊടുക്കുന്നവരും തെറ്റിൽ വീഴാം. വിശ്വാസത്തെ ഒരിക്കലും യുക്തികൊണ്ട് അളക്കരുത്. വനിതാ കമ്മീഷൻ കേരളത്തിൽ വന്ന് പറഞ്ഞു: "കുമ്പസാരം നിരോധിക്കണം". അതിനുശേഷമുള്ള വെള്ളിയാഴ്ച്ച സാധാരണ അരമണിക്കൂറു കൊണ്ട് തീരാറുള്ള എന്റെ ഇടവകയിലെ കുമ്പസാരം തീരാൻ രണ്ടരമണിക്കൂർ വേണ്ടിവന്നു. വിശ്വാസപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ വനിതാ കമ്മീഷനാവില്ല. സഭയെ തകർക്കാൻ ഒരു നിയമങ്ങൾക്കും സാധിക്കില്ല. കാരണം സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവ് ആണ്.

അതുകൊണ്ട് എത്ര നിയമങ്ങൾ പാസാക്കപ്പെട്ടാലും നമ്മുടെ വിശ്വാസവും പാരമ്പര്യങ്ങളും മുറുകെ പിടിച്ചുകൊണ്ട് വിവേകപൂർവം നമ്മുടെ ജീവിതം മുമ്പോട്ട് കൊണ്ടുപോകാം. അതിനുള്ള ജ്ഞാനത്തിനും വിവേകത്തിനും വേണ്ടി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം; പരിശ്രമിക്കാം.

# അമ്മയോടൊപ്പം അനുഗ്രഹവഴിയേ





**ഷീലമ്മ പൂതക്കുഴി**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:** ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടുത്തെമേൽ ഇറങ്ങിവരികയും ചെയ്തു. മാമ്മോദീസായിലൂടെ അരൂപിയുടെ നിറവ് ലഭിച്ച നമ്മിൽ അരൂപിയുടെ സഹവാസമുണ്ടെന്ന ബോധ്യത്തിൽ ജീവിക്കുവാനും ആ ചൈതന്യം എല്ലാവരിലേക്കും പകരുവാനുമുള്ള കൃപയ്ക്കായി പരി. അമ്മയോടു നമുക്കു പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:** ഈശോയുടെ മാമ്മോദീസാവേളയിൽ, ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്ന് പിതാവായ ദൈവം തന്റെ പുത്രന്റെമേൽ അംഗീകാര മുദ്രചാർത്തുന്നു. മാമ്മോദീസായിലൂടെ ദൈവമക്കളായ ഞങ്ങളുടെയോരോരുത്തരുടെയും ജീവിതം, ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായിത്തീരുവാൻ പരി.അമ്മേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:** ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്നിൽ വസിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല എന്നരുൾചെയ്ത മിശിഹായുടെ പ്രകാശത്തിലേക്ക് മാമ്മോദീസായിലൂടെ കടന്നുവന്ന ഞങ്ങൾ, അന്ധകാരത്തിന്റെ പ്രവൃത്തികൾവിട്ട് പ്രകാശത്തിൽ വ്യാപരിക്കുവാൻ പരി. അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:** മിശിഹായിലുള്ള ജീവിതം, കുരിശിന്റെയും സഹനത്തിന്റെയും ജീവിതമാണെന്ന്, ജീവിതംകൊണ്ടു പഠിപ്പിച്ച ഈശോയെപ്പോലെ, ഓരോ നിമിഷവും ഞങ്ങൾ ഈശോയിൽ വസിച്ചുകൊണ്ട് ജീവിതത്തിലുണ്ടാകുന്ന, കുരിശുകളെയും സഹനങ്ങളെയും ശാന്തതയോടെ സ്വീകരിക്കുവാൻ വേണ്ട കൃപയ്ക്കായി പരി. അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:** മിശിഹായിൽ വസിക്കുന്ന ഏവനും ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു എന്ന തിരുവചനം ജീവിതമാക്കിക്കൊണ്ട്, ഇന്നലെകളോടു വിടപറഞ്ഞ്, പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കുവാനും ആ ജീവിതത്തിന്റെ മാധുര്യവും സന്തോഷവും എല്ലാവരിലേയ്ക്കും പകരുവാനുമുള്ള കൃപയ്ക്കായി പരി. അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നമുക്കു പ്രാർത്ഥിക്കാം:** മാമ്മോദീസായിലൂടെ ഞങ്ങൾക്കു ലഭിച്ച അരൂപിയുടെ പ്രകാശത്തിൽ വ്യാപരിക്കുന്നവരും ആ പ്രകാശത്തിന്റെ ശോഭയാൽ അനേകരെ പ്രകാശിപ്പിക്കുന്നവരുമാകുവാൻ പരി. അമ്മേ, ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.





ജീവിതത്തെക്കുറിച്ചുള്ള പോസിറ്റീവായ സങ്കല്പത്തിന്റെ ബാഹ്യപ്രകാശനമാണു സന്തോഷം.

ദൈവസ്നേഹത്തിന്റെ ഊഷ്മാവളക്കുന്ന തെർമോമീറ്റർ സഹോദരങ്ങളോടുള്ള സ്നേഹമാണ്.



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th December 2018

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



"ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ പരിശുദ്ധ ദനഹായാൽ
സ്വതന്ത്രരാക്കപ്പെട്ട ഞങ്ങൾ, നീ കനിഞ്ഞു നല്കിയ വിശ്വാസദീപത്തെ
എന്നും പ്രോജ്ജ്വലിപ്പിക്കുവാനും അങ്ങനെ സ്വർഗ്ഗീയഗണങ്ങളോടുചേർന്ന്
നിനക്ക് സ്തുതിയുടെ ബലികൾ ഇടവിടാതെ അർപ്പിക്കുവാനും
ഞങ്ങളെ ശക്തരാക്കണമേ."
(ദനഹാക്കാലം, ഞായർ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018, Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal